മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 30 THE ONLINE OFFICIAL NEWS BULLETIN 2026 July 23

SEASON OF PENTECOST പെന്തിക്കോസ്തികാലം ܙܒܢܐ ܕܦܢܛܝܩܘܣܛܝ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
26	27	28	29	30	31	1
8	4	8	4	8	4	8
9th Sunday after Pentecost	Comme. of St. Simon the Stylite				Comme. St. Anthimus of Constantinople 740th Mem.Mar Gregorios Bar Hebraus	Shunoyo Fast Begins (15 Day) Comme. of the Martyrs Marth Smooni & her 7 Children and Mar Elazar, their teacher 14th Mem. of Poulose Mar Pachomios OIC (Bethany Ashram Perunadu)



മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ കൂദാശ പ. കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ നിർവ്വഹിച്ചു.



പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവയുടെ ഓർമ്മയ്ക്കായി കുന്നംകുളം ഓർത്തഡോക്സ് പ്രവാസി അസോസിയേഷൻ നൽകുന്ന അഞ്ചാമത് സാന്ത്വന സ്പർശം അവാർഡ് പ്രശസ്ത സാമൂഹ്യ-ജീവകാരുണ്യ പ്രവർത്തകനുമായ ഫാ. ഡേവിസ് ചിറമേലിന് പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മ മാത്യൂസ് തൃതിയൻ കാതോലിക്ക ബാവാ സമ്മാനിച്ചു. ജാതിമത വർഗ്ഗ വർണ്ണ ഭേദമന്യേ സഹോദരന്റെ കണ്ണുനീരിനെ തുടക്കുവാനും അവരെ ചേർത്ത് പിടിക്കുവാനും സമൂഹനന്മയ്ക്കായി പ്രവർത്തിക്കുവാനും അച്ചൻ കാണിക്കുന്ന പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമാണെന്ന് പരിശുദ്ധ കാതോലിക്കാ ബാവ അഭിപ്രായപ്പെട്ടു. 50,000 രൂപയും ശില്പവും പ്രശസ്തി പത്രവും അടങ്ങുന്ന അവാർഡ് കുന്നംകുളം അയ്യംപറമ്പ് ബേഥെൽ കുന്നിൽ വെച്ച് നടന്ന പൊതുസമ്മേളനത്തിൽ വെച്ചാണ് സമ്മാനിച്ചത്.



കേരള സംസ്ഥാന ഗതാഗത മന്ത്രി സി. പി. ജോൺ കുന്നംകുളം ആർത്താറ്റ് അരമന സന്ദർശിച്ച് പ. കാതോലിക്കാ ബാവായുമായും കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ യൂലിയോസുമായും സംഭാഷണം നടത്തി.



ഗീവർഗീസ് മാർ ദീയസ്ക്കോറസ് മെത്രാപ്പോലീത്തായുടെ 27-ാമത് ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ അനുസ്മരണ സമ്മേളനം നടന്നു. പഴകുളം മധു എം എൽ എ. അനുസ്മരണ പ്രഭാഷണം നടത്തി. തിരുവനന്തപുരം ഹോളി ട്രിനിറ്റി സ്ക്കൂളിൽ നിന്ന് എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച വിദ്യാർത്ഥികളെ സമ്മേളനത്തിൽ അനുമോദിച്ചു.



ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടി കർഷകരെ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനും സഭയുടെ ഔദ്യോഗിക മാധ്യമ വിഭാഗമായ കാതോലിക്കേറ്റ് ഓൺലൈൻ മീഡിയ സംഘടിപ്പിച്ച 'കുട്ടി കർഷകരുടെ കൃഷിയിടങ്ങളുടെ Reel Competition' വിജയികൾ പ. കാതോലിക്ക ബാവായിൽ നിന്ന് മെമെന്റോയും സർട്ടിഫിക്കറ്റും ഏറ്റുവാങ്ങിയപ്പോൾ.



ബാസ്ക്കറ്റ്ബോൾ ദേശീയ ചാമ്പ്യൻഷിപ്പിനുള്ള അണ്ടർ 14 കേരളം ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ജോഷ്വാ ഈപ്പൻ ജോബ്. ഇടവങ്കാട് സെന്റ് മേരീസ് പള്ളി ഇടവകാംഗമാണ്.

യുവതയെ കേൾക്കണം; അവരിലാണ് നാടിന്റെ ഭാവി

ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്


കോട്ടയം: മത്സരപ്പരീക്ഷകളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് രാജ്യത്തെ യുവജനങ്ങളും വിദ്യാർത്ഥികളും ഉയർത്തുന്ന ആശങ്കകൾക്ക് ക്രിയാത്മകമായ പരിഹാരം കണ്ടെത്താൻ ഭരണാധികാരികൾക്ക് കഴിയണം. പുതുതലമുറയുടെ ഊർജ്ജസ്വലത തെരുവിൽ പാഴാക്കാനുള്ളതല്ല; മറിച്ച് അവരുടെ ചിന്താശേഷിയും സർഗ്ഗാത്മകതയും നാടിന്റെ വികസനത്തിനാണ് വിനിയോഗിക്കേണ്ടത്. എന്നാൽ, ദൗർഭാഗ്യവശാൽ ഇന്നത്തെ യുവത കടുത്ത പ്രതിഷേധത്തിലും നിരാശയിലുമാണ്. ആശയങ്ങളെ ആയുധങ്ങൾ കൊണ്ട് നേരിടുന്ന സങ്കടകരമായ കാഴ്ചകൾ ജനാധിപത്യത്തിന്റെ മൂല്യങ്ങളെത്തന്നെ മുറിവേൽപ്പിക്കുന്നു. അതേസമയം പ്രതിഷേധങ്ങൾ അതിക്രമത്തിന്റെ പാതയിലേക്ക് പോകാതിരിക്കുവാൻ യുവസമൂഹവും ജാഗ്രത കാട്ടണം. ചോദ്യപേപ്പർ ചോർച്ച മാപ്പർഹിക്കാത്ത കുറ്റമാണെന്ന പ്രധാനമന്ത്രിയുടെ പ്രസ്താവന വിഷയത്തിന്റെ ഗൗരവം സൂചിപ്പിക്കുന്നു. കുറ്റക്കാരെ മുഴുവൻ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ സർക്കാരിന് കഴിയണം.

നീറ്റ് പരീക്ഷാ ചോദ്യപേപ്പർ ചോർച്ചയും തുടർന്നുണ്ടായ പരീക്ഷാ റദ്ദാക്കലുകളും ആയിരക്കണക്കിന് വിദ്യാർത്ഥികളെയും അവരുടെ കുടുംബങ്ങളെയുമാണ് മാനസികമായി തളർത്തിയത്. സ്വപ്നങ്ങൾ തകർന്ന് ആത്മഹത്യ ചെയ്ത പിഞ്ചുമക്കളും അവരുടെ കണ്ണീരണിഞ്ഞ കുടുംബങ്ങളും നമ്മുടെ മനസ്സാക്ഷിക്ക് മുന്നിൽ വലിയൊരു ചോദ്യചിഹ്നമായി നിലകൊള്ളുന്നു. അറിവിന്റെ പുസ്തകത്താളുകളിൽ അഴിമതിയുടെ കറപുരളുന്നത് പുരോഗമന സമൂഹത്തിന് ഒട്ടും ഭൂഷണമല്ല. വിദ്യാഭ്യാസ മേഖല പൂർണ്ണമായും സുതാര്യവും അഴിമതിരഹിതവുമാകണമെന്ന തികച്ചും ന്യായമായ ആവശ്യത്തെ കേൾക്കാനും അനുഭാവപൂർവ്വം പരിഹരിക്കാനും അധികൃതർ അടിയന്തരമായി തയ്യാറാകേണ്ടതുണ്ട്.

ഡൽഹിയിൽ നടക്കുന്നത് ജനാധിപത്യ മര്യാദകളുടെ ലംഘനം

ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ

NEET പരീക്ഷയുടെ സുതാര്യതയില്ലായ്മയും, CBSE, ഉന്നത വിദ്യാഭ്യാസ മേഖലയുടെ കൊടുകാര്യസ്ഥതയും തുടരെ തുടരെ വർത്തയാകുമ്പോൾ അതിനെ നിസംഗതയോടെ സമീപിക്കുന്ന കേന്ദ്ര സർക്കാരിന്റെ നയങ്ങളെ പിന്തുണക്കുക പ്രയാസമാണ്. ഇപ്പോൾ ഇന്ത്യയുടെ യുവതി യുവാക്കൾ ഗതികെട്ട് തങ്ങളുടെ പ്രതിക്ഷേധം സമാധാനപരമായി അറിയിക്കുവാൻ ശ്രമിക്കുമ്പോൾ അതിനെ ഒരു രാജ്യദ്രോഹ കലാപമായി മാറ്റുവാൻ നടത്തുന്ന ശ്രമങ്ങളെ അപലപിക്കുന്നു. ശരിയായ വിദ്യാഭ്യാസം ഓരോ പൗരനെയും അവകാശമാണ്, ഔദാര്യമല്ല. ഇന്ത്യയുടെ തലമുറയെ, ഭാവി വാഗ്ദാനങ്ങളെ ശത്രുക്കളെ പോലെ കാണുന്ന സർക്കാർ നയം അംഗീകരിക്കുവാൻ കഴിയുന്നതല്ല. ചർച്ചയും സമവായവും ആണ് ജനാധിപത്യത്തിൽ അവലംബിക്കേണ്ട നയം. അടിച്ചമർത്തൽ അല്ല. ഇന്നലെ ഡൽഹിയിൽ നടന്നത് മനുഷ്യത്വരഹിതമായ നടപടിയാണ്. സമരത്തിൽ ഉണ്ടായിരുന്ന സ്ത്രീകളോട് ഉള്ള പോലീസിന്റെ പെരുമാറ്റം ആ സേനക്ക് തന്നെ അപമാനമാണ്. രാഷ്ട്രീയ കക്ഷിഭേദമന്യേ ഇത് ഇന്ത്യയുടെ പൊതുവികാരമായി ഉൾക്കൊണ്ട് കെടുകാര്യസ്ഥതക്ക് എതിരായ പോരാട്ടത്തിൽ പിന്തുണ നൽകുവാൻ പൊതുസമൂഹവും തയാറാകണം. പ്രതിപക്ഷത്തെ ശബ്ദങ്ങളെ ഭീഷണിപ്പെടുത്തി ഇല്ലാതാക്കുവാൻ ശ്രമിക്കുന്നത് ജനാധിപത്യ സർക്കാരിന് ഭൂഷണമല്ല . വിദ്യാഭ്യാസ രംഗത്തെ മൂല്യച്യുതിക്ക് എതിരായി നടക്കുന്ന ഇന്ത്യയുടെ യുവതലമുറക്കുള്ള പിൻതുണ അറിയിക്കുന്നു.



പ്രൊഫ. ഡി. മാത്യൂസ് അന്തരിച്ചു

പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് റിട്ട. പ്രൊഫസർ തിരുവനന്തപുരം: കുടപ്പനകുന്നു മുഞ്ഞനാട്ടു പ്രൊഫ. ഡി. മാത്യൂസ് (96) അന്തരിച്ചു.

സഹധർമ്മിണി പരേതയായ ആനി വയലത്തല തെങ്ങുംചേരിൽ കുടുംബാംഗമാണ് മക്കൾ: സോഫി, ഡോ. മാത്യു ഡാൻ (റിട്ട. പ്രിൻസിപ്പൽ സയന്റിസ്റ്റ്, പാലോട് ബോട്ടാനിക്കൽ ഗാർഡൻ), മിന്നി, ബിന്നി.

മരുമക്കൾ: ജോൺ പി തോമസ്, പുത്തൻമഠം, മാവേലിക്കര, ടിറ്റി ജേക്കബ് മാത്യു, സ്റ്റാർ ലാൻഡ് കൊല്ലം, വിനോദ് കോശി, തുണ്ടിൽ കിഴക്കെതിൽ, തുമ്പമൺ, അനിത, തച്ചിരേത്ത്, എറണാകുളം.

കോഴഞ്ചേരി സെന്റ് മാത്യൂസ് ഓർത്തഡോക്സ് പള്ളിയിൽ സംസ്ക്കാരം നടത്തി.

സുപ്രസിദ്ധ സുവിശേഷ പ്രസംഗകൻ, മലങ്കരസഭാ മനേജിംഗ് കമ്മറ്റി അംഗം, മിഷൻ ബോർഡ് ട്രഷറാർ, ഐ നാംസ് സെക്രട്ടറി, തുമ്പമൺ ഭദ്രാസന പ്രാർത്ഥനാ യോഗം, സെക്രട്ടറി തുടങ്ങി സഭയുടെ വിവിധ പദവികളിൽ സേവനം അനുഷ്ഠിച്ചിരുന്നു.



നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ കുടുംബ, യുവജന കോൺഫറൻസ് ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഭദ്രാസന മെത്രാപ്പോലീത്താ സഖറിയാ മാർ നിക്കോളവാസ് സമീപം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ

10-1-1953. കാതോലിക്കേറ്റ് അരമന. പുതിയ ചാപ്പലിലേക്കായി മില്യൻ കമ്പനിയിൽ ഓർഡർ ചെയ്തിരുന്ന കുരിശ് ഇവിടെ കൊണ്ടുവന്നു. അതിനു വില കൊടുത്ത രൂപാ 155.

മാവേലിക്കര നിന്നും പറമ്പിൽ അച്ചനും എം. എസ്. സ്കൂൾ ഹെഡ്മാസ്റ്റർ ജേക്കബ് കത്തനാരും പുതുശ്ശേരിയിലെ ഹെഡ്മാസ്റ്റർ വർഗീസ് കത്തനാരും വന്ന് സ്കൂൾ സംബന്ധിച്ച പല സംഗതികളും പറഞ്ഞു. നൈനാനെ വരുത്തി സംഗതികൾ ടിയാനെ ചുമതലപ്പെടുത്തി. പറമ്പിലച്ചനും വരമ്പത്തച്ചനും ഉച്ച കഴിഞ്ഞ് തിരിച്ചുപോയി. കെ. പി. പൗലോസ് അച്ചനു പകരം നാളെ നട്ടാശ്ശേരിൽ ചൊല്ലുന്നതിനായി ജേക്കബ് കത്തനാരെ ചുമതലപ്പെടുത്തി.

സുപ്രീംകോടതിയിൽ പാത്രിയർക്കീസ് കക്ഷി പത്രിക കൊടുത്തു എന്നും നമ്മുടെ പത്രിക തിങ്കളാഴ്ച കൊടുക്കുമെന്നും മറ്റും നമ്മുടെ ഏജന്റ് ശാസ്ത്രി കമ്പി അടിച്ച വിവരം തിരുവനന്തപുരത്തു നിന്ന് പീലിപ്പോച്ചൻ ഫോൺ ചെയ്ത് ഇവിടെ അറിയിച്ചു. അഞ്ചു മണിയോടു കൂടി നമ്മുടെ കാറ് വർക്ക്ഷോപ്പിൽ നിന്നും നന്നാക്കി കേടുകളെല്ലാം തീർത്തു കൊണ്ടുവന്നു.

കൂർത്തമല നിന്നും കൊലത്താക്കൽ കോറെപ്പിസ്കോപ്പായും മാമ്മൻ വാദ്ധ്യാരും വന്നിരുന്നു. ഈ മാസം 17-നു നാം അവിടെ എത്തി അവിടെയുള്ള ചാപ്പൽ കൂദാശ ചെയ്യണമെന്ന് അപേക്ഷിച്ചു. സുഖമുള്ളപക്ഷം അങ്ങനെ ചെയ്യാമെന്നു മറുപടി പറഞ്ഞു. കുന്നംകുളത്തുകാരൻ പാറമേൽ കത്തനാർ മുൻസിപ്പൽ തിരഞ്ഞെടുപ്പിൽ ഒരു കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയായി നിൽക്കുന്നു എന്നും മറ്റുമുള്ള പത്രപ്രസ്താവനകൾ വ്യാജമാണെന്നും അതിനു താൻ ഒരിക്കലും ഒരുമ്പെടുകയില്ലെന്നും ടി പ്രസ്താവനയ്ക്കു എതിർപ്രസ്താവന പത്രങ്ങളിൽ താൻ പ്രസിദ്ധപ്പെടുത്തീട്ടുണ്ടെന്നും മറ്റും കാണിച്ച് അയാൾ നമ്മുടെ പേർക്ക് എഴുതി.

11-1-1953. കാതോലിക്കേറ്റ് അരമന. ഞായർ. നാം വി. കുർബ്ബാന അർപ്പിച്ചു. തിരുവല്ലായിൽ നിന്നും എൺപതോളം സ്ത്രീകൾ എട്ടു മണിയോടു കൂടി ഇവിടെ വന്ന് കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാനയ്ക്കു ശേഷം ചാപ്പൽ പണിക്കായി 201 രൂപ അവർ നമ്മെ ഏല്പിച്ചു. കാപ്പികുടി കഴിഞ്ഞ് ഇവിടമെല്ലാം കണ്ടതിന്റെ ശേഷം തിരിച്ചുപോയി.

12-1-1953. കാതോലിക്കേറ്റ് അരമന, കുറിച്ചി. രാവിലെ മാനേജരച്ചൻ വന്ന് ചാപ്പലിന്റെ പണികളെല്ലാം നോക്കി കണ്ടിരുന്നു. നമ്മുടെ ഡ്രൈവർ തോമസിന് സുഖമില്ലാതിരിക്കുന്നതിനാൽ സുഖമാകുന്നതുവരെയ്ക്കും മണർകാട്ടുകാരൻ വറുഗീസ് എന്ന ആളെ ഡ്രൈവറായി എടുത്തു. അയാൾ കൊള്ളാവുന്നവനും വിശ്വസ്തനുമാണെന്നും കുട്ടായി അഭിപ്രായപ്പെട്ടു. മൂന്നര മണിക്കു കുറിച്ചിയിലേക്കു നാം പോയി. രാത്രി പള്ളിക്കെട്ടിടത്തിൽ താമസിച്ചു. കെ. കെ. ജോൺ മുതലായി പലരും അവിടെ വന്നിരുന്നു.

13-1-1953. കുറിച്ചി, കാതോലിക്കേറ്റ് അരമന. രാവിലെ നമ്മുടെ പിതാവിന്റെ ഓർമ്മദിനമാകയാൽ നാം വി. കുർബ്ബാന അർപ്പിക്കുകയും കബറിങ്കൽ ധൂപം വയ്ക്കുകയും മറ്റും ചെയ്തു. വികാരി പാറയിൽ കത്തനാരും വന്നിരുന്നു. മുപ്പതു പേരോളം കുർബ്ബാനയിൽ സംബന്ധിച്ചു. കാപ്പിമേശ കഴിഞ്ഞ് കോട്ടയത്തേക്കു തിരിച്ചുപോന്നു.

മാനേജരച്ചൻ ഇവിടെ ഉണ്ടായിരുന്നു. ചാപ്പലിന്റെ പണികൾ ഇന്നും തുടർന്നു കൊണ്ടിരുന്നു. സന്ധ്യയോടുകൂടി തീമോത്തിയോസ് മെത്രാച്ചൻ വന്നു. രാത്രി ഇവിടെ താമസിച്ചു.

14-1-1953. കാതോലിക്കേറ്റ് അരമന, മൂവാറ്റുപുഴ. ഇന്ന് ആണ്ടാരംഭവും ചേലാകർമ്മപ്പെരുന്നാളും ബസേലിയോസ് ഗ്രീഗോറിയോസ് പിതാക്കന്മാരുടെ ഓർമ്മദിവസവുമാകയാൽ നാം വി. കുർബ്ബാന അർപ്പിച്ചു. ഇന്ന് മണലിൽ അച്ചനും



മാനേജരച്ചനും വന്നിരുന്നു. ഉച്ചകഴിഞ്ഞ് മൂന്നു മണിയോടുകൂടി തീമോത്തിയോസ് മെത്രാച്ചനും ഒന്നിച്ചു മൂവാറ്റുപുഴയ്ക്കു തിരിച്ചു. അഞ്ചു മണിക്ക് അവിടെ എത്തി. കുറ്റിപ്പാലയ്ക്കൽ അച്ചനും മറ്റു പലരും അവിടെ കൂടിയിരുന്നു. രാത്രിയിൽ അരമനയിൽ താമസിച്ചു.

15-1-1953. മൂവാറ്റുപുഴ. രാവിലെ കാപ്പി കഴിഞ്ഞ് മെത്രാച്ചനുമൊന്നിച്ച് പള്ളിക്കരയ്ക്കു തിരിച്ചു. കോട്ടയത്തു നിന്നു രണ്ടു മൂന്നു കാറുകളിലായി ബേബി, കുട്ടായി, മാത്തച്ചൻ, പത്രോസ് റമ്പാച്ചൻ, യോഹന്നാനച്ചൻ, പാറയ്ക്കലച്ചൻ മുതലായ വളരെപേർ വന്നിരുന്നു. പത്തു മണിയോടുകൂടി പള്ളിക്കര കവലയിലെത്തി. കവലയിൽ വച്ച് ചില കത്തോലിക്കരും സ്ഥലം പ്രവൃത്തിയാരും ചില മുഹമ്മദീയരും മറ്റും നമ്മെ ഹാരമണിയിച്ച് സ്വീകരിച്ചു. അവിടെ നിന്നും പള്ളിയിലേക്കു ഘോഷയാത്രയായി പുറപ്പെട്ടു. പള്ളിയിലെത്തി ലുത്തിനിയാ കഴിഞ്ഞ് വിശ്രമിച്ചശേഷം 11 മണിക്ക് യോഗം ആരംഭിച്ചു. പ്രാർത്ഥന, ഉപക്രമം എന്നിവയ്ക്കു ശേഷം മാത്യു തരകൻ സ്വാഗതപ്രസംഗം നടത്തി. അതിന്റെശേഷം തരകൻ കുടുംബത്തിലെ കാർന്നവർ ടി പള്ളിയുടെ ആധാരം കാതോലിക്കാ സിംഹാസനത്തിലേയ്ക്കു എഴുതിയത് നമ്മെ ഏല്പിച്ചു. തുടർന്ന് മാത്യു ഇഞ്ചക്കലോടി, മുറിമറ്റത്തിലച്ചൻ, തേനുങ്കലച്ചൻ, പി. വി. കുരുവിള എന്നിവർ പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് പത്രോസ് റമ്പാച്ചൻ, പാറയ്ക്കലച്ചൻ, സി. ഐ. നൈനാൻ, തീമോത്തിയോസ് മെത്രാച്ചൻ എന്നിവരും പ്രസംഗിച്ചു. സ്വതന്ത്രമായ കാതോലിക്കേറ്റിന്റെ ആവശ്യത്തെക്കുറിച്ചും, അബ്ദൽ മശിഹാ ബാവായുടെ സ്ഥാനസാധുത്വത്തെക്കുറിച്ചും, സത്യകാനോനെക്കുറിച്ചും മറ്റുമായിരുന്നു എല്ലാവരും പ്രസംഗിച്ചത്. രണ്ടായിരത്തിൽപരം ആളുകൾ ഈ യോഗത്തിൽ സംബന്ധിച്ചു. നമ്മുടെ ഉപസംഹാരശേഷം കൃതജ്ഞത, പ്രാർത്ഥന എന്നിവയോടു കൂടി യോഗം അവസാനിച്ചു. ഈ യോഗത്തിൽ പൂവത്തുങ്കൽ അച്ചൻ, കടമറ്റത്തുകാരൻ ഐസക്കച്ചൻ, വെള്ളിയാമ്മാലിൽ അച്ചൻ, കുറ്റിപ്പാലയ്ക്കലച്ചൻ, പാറേലച്ചൻ മുതലായി വടക്കുനിന്നും പല പട്ടക്കാരും സംബന്ധിച്ചിരുന്നു. പള്ളിക്കാരുടെ ആഗ്രഹപ്രകാരം നാമും മെത്രാച്ചനും പള്ളിക്കെട്ടിടത്തിൽ താമസിച്ചു.

16-1-1953. പള്ളിക്കര, കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു (പള്ളിക്കര മാർ ബസേലിയോസ് പള്ളി). ആ ഇടവകക്കാരും മറ്റു പലരും കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാന കഴിഞ്ഞ് പത്തു മണിയോടുകൂടി കോട്ടയത്തേക്കു തിരിച്ചുപോന്നു. പതിനൊന്നരയോടു കൂടി മൂവാറ്റുപുഴ അരമനയിൽ എഴുന്നെള്ളി വിശ്രമിച്ചു. ഉച്ചഭക്ഷണം കഴിഞ്ഞ് മെത്രാച്ചനും ഒന്നിച്ച് രണ്ടര മണിക്ക് കോട്ടയത്തിനു തിരിച്ചു. നാലരയ്ക്കു ഇവിടെ എത്തി. ആറു മണിക്ക് തീമോത്തിയോസ് മെത്രാച്ചൻ ചെങ്ങന്നൂർ ബഥേലിലേക്കു പോയി.

17-1-1953. കാതോലിക്കേറ്റ് അരമന, കൂർത്തമല. രാവിലെ മാനേജരച്ചൻ വന്നു. ചാപ്പലിന്റെ പണികൾ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. പത്തു മണിയോടു കൂടി കൊല്ലാട്ടു നിന്നും സ്ത്രീസമാജ പ്രതിനിധികളായി അവിടുത്തെ വികാരിയുടെ ഭാര്യയും കൊച്ചുകൊച്ചിന്റെ ഭാര്യയും മറ്റു ചില സ്ത്രീകളും കൂടി വന്ന് ചാപ്പൽ പണിക്ക് കൊല്ലാട്ടു പള്ളിയിലെ സ്ത്രീകളുടെ വകയായി 200 രൂപ നമ്മെ ഏല്പിച്ചു.

രണ്ടരയ്ക്കു നാം കൂർത്തമലയ്ക്കു തിരിച്ചു. നാലു മണിക്ക് കുമ്പനാടു കവലയിൽ എത്തി അവിടെ കൊലത്താക്കൽ അച്ചനും മറ്റും നമ്മെ കാത്തു നിന്നിരുന്നു. നാലര മണിയോടു കൂടി പുതിയ ചാപ്പലിൽ എത്തി ലുത്തിനിയാ കഴിച്ചു. നമ്മെ കാണുന്നതിനും മറ്റും അനേകായിരം ആളുകൾ കൂടിയിരുന്നു. ലുത്തിനിയായ്ക്കുശേഷം പള്ളിമുറിയിൽ വിശ്രമിച്ചു. രാത്രിയിൽ പ്രസംഗയോഗം ഉണ്ടായിരുന്നു. സി. ഐ. നൈനാൻ പ്രസംഗിച്ചു. പ്രസംഗശേഷം നാം പന്തലിൽ ചെന്ന് പ്രാർത്ഥിച്ച് ജനത്തെ ആശീർവദിച്ചു.

18-1-1953. കൂർത്തമല. രാവിലെ ഏഴര മണിക്കു നമസ്കാരം ആരംഭിച്ചു. നമസ്കാരമദ്ധ്യേ ചാപ്പലിന്റെ കൂദാശ നടത്തി. കൂദാശയ്ക്കുശേഷം വി. കുർബ്ബാന നാം അർപ്പിച്ചു. കുർബ്ബാന കഴിഞ്ഞ് ചാപ്പലിന്റെ മുൻവശത്ത് സ്ഥാപിപ്പാൻ ഉദ്ദേശിക്കുന്ന കുരിശുംതൊട്ടിയുടെ ശിലാസ്ഥാപനം നടത്തി. ഉച്ചകഴിഞ്ഞ് കൺവൻഷന്റെ സമാപനയോഗം ഉണ്ടായിരുന്നു. സി. എം. ജോൺ പ്രസംഗിച്ചു. നാമും യോഗത്തിൽ പ്രസംഗിക്കുകയും ആശീർവദിക്കുകയും ചെയ്തു.

അനന്തരം നാം നെല്ലിക്കൽ പള്ളിയും കൂർത്തമല പഴയപള്ളിയും സന്ദർശിച്ചശേഷം കല്ലൂപ്പാറയ്ക്കു പോയി. കല്ലൂപ്പാറ കൺവൻഷൻ പ്രമാണിച്ച് മണൽപുറത്ത് സജ്ജീകരിച്ചിരിക്കുന്ന ചാപ്പലിൽ സന്ധ്യാനമസ്കാരം നടത്തി. ദീവന്നാസ്യോസ് മെത്രാച്ചനും കുറിയാക്കോസ് റമ്പാച്ചനും മാരേട്ട് റമ്പാച്ചനും, ഫാ. ജാക്സണും സി. എം. ജോണും മറ്റും അവിടെ ഉണ്ടായിരുന്നു. നമസ്കാരശേഷം നാം ഒരു പ്രസംഗത്തോടുകൂടി കൺവൻഷൻ ഉദ്ഘാടനം ചെയ്തശേഷം കൂർത്തമലയ്ക്കു തിരിച്ചുപോന്നു.

19-1-1953. കൂർത്തമല, കോട്ടയം. രാവിലെ ഏഴു മണിക്ക് കൂർത്തമല വടക്കേ ചാപ്പലിലേക്കു പോയി. ചാപ്പലിന്റെ കൂദാശ നടത്തി. തൂയോബോയ്ക്കു ശേഷം ദനഹാ ശുശ്രൂഷകൾ നടത്തി. അനന്തരം വി. കുർബ്ബാന അർപ്പിച്ചു. കൊലത്താക്കൽ അച്ചനും കുറ്റിയിൽ അച്ചനും വന്നിട്ടുണ്ടായിരുന്നു. കുർബ്ബാന കഴിഞ്ഞ് പള്ളിയുടെ മുൻവശത്ത് സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന കുരിശുംതൊട്ടിയുടെ ശിലാസ്ഥാപനം നടത്തി. ഉച്ചമേശ കഴിഞ്ഞ് മൂന്നര മണിയോടു കൂടി പുല്ലാട്ട് പുതുതായി സ്ഥാപിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന ചാപ്പലിന്റെ ശിലാസ്ഥാപനകർമ്മം നാം നിർവ്വഹിച്ചു. ജോർജ് കുര്യൻ കത്തനാരും മാരാമൺ, കൂർത്തമല, നെല്ലിക്കൽ എന്നീ ഇടവകകളിലെ വളരെ ആളുകളും അവിടെ കൂടിയിരുന്നു. നാലരമണിക്ക് കോട്ടയത്തിനു തിരിച്ചു. ആറു മണിക്ക് ഇവിടെ എത്തി.

20-1-1953. കാതോലിക്കേറ്റ് അരമന. മാർ യോഹന്നാൻ സ്നാപകന്റെ ശിരച്ഛേദനമാകയാൽ നാം വി. കുർബ്ബാന അർപ്പിച്ചു. ഇന്നും ചാപ്പലിന്റെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. മാനേജരച്ചൻ വന്നിട്ടുണ്ടായിരുന്നു. കരുവാറ്റാ പള്ളിയിൽ നിന്നും ചാപ്പൽ പണിക്കു സ്ത്രീകളുടെ വകയായി 142 രൂപ ഇവിടെ കൊടുത്തയച്ചു.

21-1-1953. കാതോലിക്കേറ്റ് അരമന. മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മദിവസമാകയാൽ നാം വി. കുർബ്ബാന അർപ്പിച്ചു. മാനേജരച്ചനും മണലിലച്ചനും വന്നു. ഇന്നും ചാപ്പലിന്റെ പണികൾ തുടർന്നുകൊണ്ടിരുന്നു.

മേപ്രായിൽ നിന്നും കണിയാന്തറ അച്ചന്റെ എഴുത്തുമായി ഇടവകയിൽപ്പെട്ട ചാണ്ടി മാസ്റ്ററും മറ്റു പലരും അവിടുത്തെ കൺവൻഷനോടനുബന്ധിച്ച് ഒരു കാതോലിക്കേറ്റ് പ്രചരണയോഗം നടത്തണമെന്നും ഫെബ്രുവരി 8-നു ഞായറാഴ്ച അവിടെ വി. കുർബ്ബാന അർപ്പിക്കണമെന്നും ആഗ്രഹമുള്ളതായും നമ്മെ അറിയിച്ചു. നമുക്ക് സുഖമുള്ള പക്ഷം അപ്രകാരം ചെയ്യാമെന്ന് നാം സമ്മതിച്ചു.

പുളിക്കീഴു വടക്കേക്കര പള്ളിയിൽ നിന്നും വികാരി ഏറാട്ട് ഏബ്രഹാം കത്തനാരുടെ നേതൃത്വത്തിൽ സ്ത്രീസമാജ പ്രതിനിധികൾ ഇവിടെ വന്ന് ചാപ്പൽ പണിക്ക് ഒരു സംഭാവന നമ്മെ ഏല്പിച്ചു.

22-1-1953. കാതോലിക്കേറ്റ് അരമന. ഇന്നും മാനേജരച്ചൻ വന്ന് ചാപ്പലിന്റെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. മറ്റ് വിശേഷങ്ങൾ ഒന്നുംതന്നെ ഇല്ല.

23-1-1953. ഇന്നും മാനേജരച്ചൻ വന്ന് ചാപ്പലിന്റെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. മറ്റ് വിശേഷങ്ങൾ ഒന്നുംതന്നെ ഇല്ല.

24-1-1953. കാതോലിക്കേറ്റ് അരമന. മാനേജരച്ചൻ വന്നു. ചാപ്പൽ പണി തുടർന്നുകൊണ്ടിരിക്കുന്നു. സി. പി. മാത്തൻ വന്നിരുന്നു. അടുത്ത ആഴ്ചയിൽ ടിയാൻ പാർലമെന്റ് സമ്മേളനത്തിൽ സംബന്ധിക്കുന്നതിന് ഡൽഹിക്കു പോകുന്ന സംഗതികളെപ്പറ്റിയും മറ്റും പറഞ്ഞു.

പാത്രിയർക്കീസ് കക്ഷിയിലെ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്കു ഏറ്റുമാനൂർ മുതൽ കോട്ടയം സിംഹാസനപള്ളി വരെ മുപ്പതിൽപ്പരം കാറുകളുടെ അകമ്പടിയോടു കൂടി ഒരു എതിരേൽപ്പ് നടത്തി. അത്താനാസ്യോസ് മെത്രാച്ചന് സുഖക്കേട് കൂടുതലാണെന്ന് കേൾവി തുടങ്ങി. മെത്രാന്മാർക്ക് സിംഹാസനപള്ളിയിൽ കമ്പി വന്നെന്നും അവർ ആലുവായ്ക്കു തിരിച്ചുപോയതായും അറിഞ്ഞു. രാത്രിയിൽ 11 മണി വരെയും ഇദ്ദേഹത്തിന് സുഖക്കേടു കൂടുതലാണെന്നും കന്തീലാ ശുശ്രൂഷ നടത്തുന്നു എന്നും ഫോൺ മാർഗ്ഗം അറിഞ്ഞു.

25-1-1953. കാതോലിക്കേറ്റ് അരമന. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. അത്താനാസ്യോസ് മെത്രാപ്പോലീത്താ വെളുപ്പിന് 3.55-നു കാലം ചെയ്തതായി അറിവു കിട്ടി. അദ്ദേഹത്തിന്റെ ആത്മാവിനു വേണ്ടി കുർബ്ബാനമദ്ധ്യേ പ്രത്യേക പ്രാർത്ഥനകൾ നടത്തി.

രണ്ടു മണിക്ക് ദീവന്നാസ്യോസ് മെത്രാച്ചനും തിരുവല്ലയിൽ നിന്നും വന്നു. നാം ആലുവായിൽ എത്തി മെത്രാച്ചന്റെ മൃതദേഹം സന്ദർശിക്കണമെന്ന് പലരും അഭിപ്രായപ്പെട്ടതനുസരിച്ച് മൂന്നു മണിയോടു കൂടി ആലുവായ്ക്കു പുറപ്പെട്ടു. നമ്മോടുകൂടി ദീവന്നാസ്യോസ് മെത്രാച്ചനും മാനേജരച്ചനും കൂടാതെ പല കാറുകളിലായി പയ്യമ്പള്ളിൽ കത്തനാർ, എം. സി. മാത്യു, കെ. എം. ചെറിയാൻ, കൊച്ചുണ്ണൂണ്ണി, കുട്ടായി, ബേബി, എ. എം. ജേക്കബ് മുതലായി അനേകം സമുദായസ്നേഹികളും വന്നു. അഞ്ചര മണിക്കു ആലുവായിലെത്തി. ഗസ്റ്റ് ഹൗസിൽ എത്തി വിശ്രമിച്ചു. അവിടെ എറണാകുളം, പള്ളിക്കര, അയ്യമ്പള്ളി മുതലായ സ്ഥലങ്ങളിൽ നിന്നും നമ്മുടെ പക്ഷത്തുള്ള അനേകംപേർ കൂടിയിട്ടുണ്ടായിരുന്നു. സന്ധ്യാനമസ്കാരം കഴിഞ്ഞ് ഏഴു മണിക്ക് എല്ലാവരും കൂടി തൃക്കുന്നത്തു സെമിനാരിയിലേക്കു പോയി. നാം അവിടെ ചെല്ലുന്നു എന്നറിഞ്ഞുകൊണ്ട് മൃതദേഹം സൗകര്യമായി കാണത്തക്കവിധത്തിൽ പള്ളിയകത്തു നിന്നും ആളുകളെയെല്ലാം പുറത്തിറക്കിയിരുന്നു. പള്ളിയുടെ വാതിൽക്കൽ എത്തിയപ്പോൾ മാർ ക്ലിമ്മീസ് മെത്രാച്ചൻ നമ്മുടെ അടുക്കൽ വന്ന് നമ്മെയും കൂട്ടിക്കൊണ്ട് മൃതദേഹത്തിന്റെ അരികത്തേക്കു പോയി. അപ്പോൾ ദീവന്നാസ്യോസ് മെത്രാച്ചനും മാനേജരച്ചനും പയ്യമ്പള്ളിലച്ചനും ശെമ്മാശനും മറ്റു ചുരുക്കം ചിലരും നമ്മോടു കൂടി ഉണ്ടായിരുന്നു. നാം മൃതദേഹം സൂക്ഷിച്ചു നോക്കിയപ്പോൾ ഭംഗിയായി കാണുന്നതിനായി വേങ്കടത്തു കത്തനാർ തിരി കത്തിച്ചുപിടിച്ചിരുന്നു. ഈ അവസരത്തിൽ വൈലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസ് മെത്രാച്ചനും കുര്യൻ റമ്പാനും കണിയാമ്പറമ്പിൽ കത്തനാർ മുതലായി നൂറോളം പട്ടക്കാരും ശെമ്മാശന്മാരും അവിടെയുണ്ടായിരുന്നു. മൃതദേഹത്തെ അല്പനേരം സൂക്ഷിച്ചുനോക്കിയശേഷം ഒന്നു പ്രാർത്ഥിക്കാമെന്ന് നാം മാർ ക്ലിമ്മീസ് മെത്രാനോടു ചോദിച്ചു. പ്രാർത്ഥിക്കാമെന്ന് മെത്രാച്ചൻ പറഞ്ഞതുകൊണ്ട് ധൂപപ്രാർത്ഥനകൾ ചൊല്ലിയശേഷം തിരിച്ചുപോന്നു. ആലുവാ സെമിനാരിയിലും പരിസരങ്ങളിലുമായി ആയിരക്കണക്കിന് ആളുകൾ തിങ്ങിക്കൂടിയിരുന്നു. നാം കാറിൽ കയറി പുറപ്പെടാൻ ആരംഭിക്കുമ്പോൾ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ആൾത്തിരക്കിനിടയിൽ കൂടി വന്ന് നമ്മുടെ സുഖക്ഷേമാദികളെപ്പറ്റി അന്വേഷിക്കയുണ്ടായി. ദീവന്നാസ്യോസ് മെത്രാച്ചനോടും അദ്ദേഹം നാലഞ്ചു മിനിട്ട് സംഭാഷണം നടത്തി. സെമിനാരിയിൽ നിന്നും ടി.ബി. യിലേക്കു പോയി. നമ്മുടെ ആളുകളെല്ലാം നമ്മെ അനുഗമിച്ചിരുന്നു. ടി.ബി. യിൽ കുളിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും മറ്റും നമ്മുടെ ഈപ്പൻ

കത്തനാർ സൗകര്യപ്പെടുത്തിയിരുന്നു. കുളിയും ഊണും കഴിഞ്ഞ് കോട്ടയത്തേക്കു തിരിച്ചുപോന്നു. രാത്രി 12 മണിയോടു കൂടി ഇവിടെ എത്തി.

26-1-1953. കാതോലിക്കേറ്റ് അരമന. ഇന്ന് മൂന്നു നോമ്പ് ആരംഭിച്ചു. രാവിലെ മൂന്നു നോമ്പിന്റെ പ്രാർത്ഥനകളും മറ്റും നടത്തി. ദീവന്നാസ്യോസ് മെത്രാച്ചൻ കഴുത്തിന്റെ ഓപ്പറേഷൻ പ്രമാണിച്ച് രണ്ടു മൂന്നു ദിവസത്തിനകം പോകുന്നതുകൊണ്ട് അദ്ദേഹത്തിനു തൈലാഭിഷേകം നാം നടത്തണമെന്ന് അദ്ദേഹം തന്നെ ആവശ്യപ്പെട്ടതനുസരിച്ച് ഒമ്പതു മണിയോടു കൂടി തൈലാഭിഷേക ശുശ്രൂഷ നടത്തി. 10 മണിയോടുകൂടി നമ്മുടെ കാറിൽ മെത്രാച്ചൻ തിരുവല്ലായ്ക്കു പോയി. മെത്രാച്ചന് ഇന്നു നാം ചികിത്സയ്ക്കായി 200 രൂപ കൊടുത്തു.

ടി. കെ. അലക്സാണ്ടറുടെ ജ്യേഷ്ഠൻ ബേബിയും അനുജൻ ചിന്നക്കുട്ടിയും മറ്റും വന്ന് അലക്സാണ്ടറുടെ മൃതശരീരം വെല്ലൂരു നിന്നും ഓതറയ്ക്കു കൊണ്ടുവരുമെന്നും നാം തന്നെ ശവസംസ്കാര ശുശ്രൂഷ നടത്തണമെന്നും ആവശ്യപ്പെട്ടു. നമുക്കു നല്ല സുഖമില്ലാത്തതിനാൽ അവിടെ എത്തി ശുശ്രൂഷ നടത്തുന്നതിന് പ്രയാസമാണെന്ന് നാം പറഞ്ഞതനുസരിച്ചു അവർ പോയി.

ഇന്ന് അഞ്ചു മണിക്ക് ചാപ്പലിന്റെ മുഖവാരത്തിന്റെ കുരിശ് മുഖവാരത്തിന്റെ മുകളിൽ കയറ്റി ഉറപ്പിച്ചു. അത് പ്രമാണിച്ച് ജോലിക്കാർക്കെല്ലാം സംഭാവനകൾ കൊടുത്തു.

27-1-1953. കാതോലിക്കേറ്റ് അരമന. രാവിലെ പി. സി. ചെറിയാൻ വന്ന് ടി. കെ. അലക്സാണ്ടറുടെ മൃതശരീരം ഇന്ന് ഓതറ കൊണ്ടുവന്നെന്നും ഇന്നു പത്തു മണിക്ക് അടക്കുന്നതാണെന്നും അതിന് നാം കൂടി ചെല്ലണമെന്ന് അയാളുടെ അമ്മയ്ക്കും സഹോദരങ്ങൾക്കും ആഗ്രഹമുണ്ടെന്നും നിവൃത്തിയുണ്ടെങ്കിൽ ചെല്ലണമെന്നും നിർബന്ധമായി പറഞ്ഞതനുസരിച്ച് ടിയാന്റെ വണ്ടിയിൽ തന്നെ ഓതറയ്ക്കു പുറപ്പെട്ടു. ഒമ്പതരയ്ക്കു അവിടെ എത്തി. തീമോത്തിയോസ് മെത്രാച്ചനും ദീവന്നാസ്യോസ് മെത്രാച്ചനും ദാനിയേൽ റമ്പാച്ചനും ഓതറെ റമ്പാച്ചനും ദയറായിൽ ഉണ്ടായിരുന്നു. പത്തരയ്ക്കു മൃതശരീരം ദയറായിൽ കൊണ്ടുവന്നു. അവിടെ വച്ച് നാം ഒരു തെശ്മെശ്ത്താ നടത്തി. അവിടെ നിന്നും അവരുടെ ഇടവകപ്പള്ളിയിലേക്കു കൊണ്ടുപോയി ശുശ്രൂഷകൾ തികച്ചശേഷം നാം അവനെ സംസ്ക്കരിച്ചു. മുപ്പതിൽപ്പരം പട്ടക്കാരും ആയിരത്തിൽപരം ആളുകളും ഇവയിൽ സംബന്ധിച്ചിരുന്നു (ഇവനെ മാമോദീസാ മുക്കിയതും, വിവാഹം കഴിപ്പിച്ചതും നാം തന്നെയായിരുന്നു).

ഉച്ചമേശ കഴിഞ്ഞ് മൂന്നു മണിയോടു കൂടി കോട്ടയത്തിനു തിരിച്ചു. നാലരയ്ക്കു ഇവിടെ എത്തി.

28-1-1953. കാതോലിക്കേറ്റ് അരമന. ഇന്നും ചാപ്പൽ പണികൾ നടന്നുകൊണ്ടിരുന്നു. ഉച്ചകഴിഞ്ഞ് കുർബ്ബാന ചൊല്ലുന്നതിന് എം.ഡി. യിൽ നിന്നും യോഹന്നാൻ കത്തനാർ വന്നു. പതിനൊന്നരയ്ക്കു നമസ്കാരം ആരംഭിച്ചു. നമസ്കാരശേഷം ടി കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. ഒന്നര മണിയോടു കൂടി കുർബ്ബാന അവസാനിച്ചു. സന്ധ്യ കഴിഞ്ഞ് കൊല്ലാട്ടുകാരൻ സി. ഇ. ജോർജ് ശെമ്മാശനും, എം. വി. ജോർജ് ശെമ്മാശനും നാളെ പട്ടം ഏല്ക്കുന്നതിനായിട്ട് ഒരുങ്ങി വന്നു.

29-1-1953. കാതോലിക്കേറ്റ് അരമന, പാതിക്കാട്. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. ഇന്ന് മൂന്നുനോമ്പ് വീടുന്ന ദിവസമാകുന്നു. കുർബ്ബാനമദ്ധ്യേ സി. ഇ. ജോർജ് ശെമ്മാശന് കശ്ശീശാപട്ടവും എം. വി. ജോർജ് ശെമ്മാശന് പൂർണ്ണ ശെമ്മാശുപട്ടവും നൽകി. വട്ടക്കുന്നേൽ റമ്പാച്ചനും ഓതറെ റമ്പാച്ചനും മാനേജരച്ചനും കൊച്ചീമൂലേലച്ചൻ, ഇ.ജെ. ഏബ്രഹാം അച്ചൻ, ഫീലിപ്പോസച്ചൻ മുതലായി പല പട്ടക്കാരും തിയോളജിക്കൽ കോളജിലെ പല ശെമ്മാശന്മാരും പുതിയ അച്ചന്റെ ക്ഷണം അനുസരിച്ച് വളരെ അധികം ആളുകളും ഇതിൽ സംബന്ധിച്ചിരുന്നു. 11 മണിയോടു കൂടി ശുശ്രൂഷകളെല്ലാം അവസാനിച്ചു. പള്ളിയിൽ വന്നവർക്കെല്ലാം പുതിയ അച്ചന്റെ വകയായി വിഭവസമൃദ്ധമായി കാപ്പി നൽകപ്പെട്ടു. ഇവിടെവച്ച് ഇന്ന് ആദ്യമായിട്ടാണ് പട്ടംകൊട നടത്തിയത്.

പന്ത്രണ്ടു മണിക്ക് പാതിക്കാട്ടു നിന്നും വികാരി സി. സി. വറുഗീസ് കത്തനാർ വന്നിരുന്നു. മൂന്നു മണിക്ക് നാം പാതിക്കാട്ടേയ്ക്കു പുറപ്പെട്ടു. പോകുന്ന വഴി സുഖമില്ലാതെ കിടക്കുന്ന മാങ്ങാനത്തെ പാപ്പിയുടെ വീട്ടിൽ കയറി പ്രാർത്ഥന നടത്തി. പാതിക്കാട്ടു കവല മുതൽ പള്ളിവരെ നമ്മെ എതിരേറ്റുകൊണ്ടാണ് പോയത്. അഞ്ചര മണിയോടു കൂടി പള്ളിയിലെത്തി ലുത്തിനിയാ കഴിഞ്ഞ് വിശ്രമിച്ചു.

30-1-1953. പാതിക്കാട്, കാതോലിക്കേറ്റ് അരമന. രാവിലെ നാം വി. കുർബ്ബാന അർപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തു. കുർബ്ബാനയ്ക്കുശേഷം പള്ളിയുടെ മുൻവശത്ത് റോഡരികിൽ മനോഹരമായി പണി കഴിപ്പിച്ചിട്ടുള്ള കുരിശുംതൊട്ടിയുടെ കൂദാശാകർമ്മം നടത്തി. ഉച്ചയ്ക്കു കോട്ടയത്തിനു തിരിച്ചുപോന്നു. അഞ്ചര മണിയോടു കൂടി ഇവിടെ എത്തി. സന്ധ്യയോടുകൂടി ഉപ്പൂട്ടിലെ കൊച്ചാപ്പിയും അക്കരെ കൊച്ചാപ്പിയുടെ മകൻ കുഞ്ഞപ്പനും കൂടി ഇവിടെ വന്ന് നമ്മെ കണ്ട് തിങ്കളാഴ്ച നടക്കുന്ന മുൻസിപ്പൽ ഇലക്ഷനെപ്പറ്റിയും മറ്റും പറഞ്ഞു. കുഞ്ഞപ്പൻ സെമിനാരി ഭാഗത്തു നിന്നും സ്ഥാനാർത്ഥിയായി നിൽക്കുന്നുണ്ടെന്നും അതിലെ വിജയത്തിനായി നാം പ്രാർത്ഥിക്കണമെന്നും മറ്റും പറയുകയുണ്ടായി. ഒരു മണിക്കൂറിനുശേഷം അവർ തിരിച്ചു പോയി.

31-1-1953. കാതോലിക്കേറ്റ് അരമന. രാവിലെ നാം പുത്തനങ്ങാടി പുത്തൻ പള്ളിയിൽ പോയി അവിടുത്തെ പെരുന്നാൾ പ്രമാണിച്ച് വി. കുർബ്ബാന അർപ്പിച്ചു. ഫീലിപ്പോസു കത്തനാരും ജോൺ കത്തനാരും മദ്ബഹായിൽ സന്നിഹിതരായിരുന്നു. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. കുർബ്ബാനയ്ക്കുശേഷം പള്ളിക്കു ചുറ്റും റാസയും മറ്റും ഉണ്ടായിരുന്നു. കാപ്പി കഴിഞ്ഞ് താഴത്തങ്ങാടിയിൽ പോയി പുതിയ പള്ളി പണിയുന്നത് സന്ദർശിച്ചു. അവിടെ നിന്നും ചെറിയപള്ളിയിൽ എത്തി പള്ളിമേടയിൽ വിശ്രമിച്ചു. ഉച്ചമേശ കഴിഞ്ഞ് തിരിച്ചുപോന്നു.

നിരണത്തു നിന്നും വികാരിയും നാലു കമ്മിറ്റിക്കാരും കൂടി വന്ന് അവിടെ പുതുതായിട്ട് വയ്ക്കുന്ന ചാപ്പലുകാരുടെ ശവം നിരണത്തു ശവക്കോട്ടയിൽ സംസ്കരിക്കുന്നതിന് പലവിധ പ്രയാസങ്ങളുണ്ടെന്നും തൽക്കാലം അങ്ങനെ അനുവദിക്കരുതെന്നുള്ള കമ്മിറ്റിക്കാരുടെ അഭിപ്രായം നമ്മെ അറിയിക്കുന്നതിന് കമ്മിറ്റിക്കാർ ഇവരെ ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും മറ്റും പറഞ്ഞു. അതുകൊണ്ട് ടി ചാപ്പലുകാരുടെ ശവം പരുമല പള്ളി ശവക്കോട്ടയിൽ സംസ്കരിക്കുന്നതിന് അനുവദിച്ചുകൊണ്ട് നാം കല്പന കൊടുത്തു.

1953 ഫെബ്രുവരി

1-2-1953 (ഞായർ). കാതോലിക്കേറ്റ് അരമന. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. മാമ്മൻ മാപ്പിള, പി. സി. ഏബ്രഹാം മുതലായി പലരും പള്ളിയിൽ വന്നിരുന്നു. നാലു മണിക്ക് ഏലിയാ ചാപ്പലിലെ സ്ത്രീസമാജാംഗങ്ങളിൽ മുപ്പതു പേരോളം ഇവിടെ വന്നു ചാപ്പൽ പണിക്കു അവർ പിരിച്ച 350 രൂപ നമ്മെ ഏല്പിച്ചു.

2-2-1953. കാതോലിക്കേറ്റ് അരമന. രാവിലെ ആറര മണിക്ക് നാം പാച്ചിറ പള്ളിയിലേക്കു പോയി. ഏഴേകാലിന് അവിടെ എത്തി, നമസ്കാരം ആരംഭിച്ചു. തുടർന്ന് നാമും പാമ്പാടി മെത്രാച്ചനും കുഴിമറ്റത്തെ കോറെപ്പിസ്കോപ്പായും കൂടി മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. ഇന്നലെ പാമ്പാടി മെത്രാച്ചൻ ഈ പള്ളി കൂദാശ ചെയ്തു. കാപ്പിമേശ കഴിഞ്ഞ് നാം തിരിച്ചുപോന്നു. ഡ്രൈവർ തോമസ് വന്ന് ഇന്നു ചാർജ് എടുത്തു.

3-2-1953. കാതോലിക്കേറ്റ് അരമന. ഇന്ന് നമുക്ക് നല്ല സുഖമില്ലാതിരുന്നതിനാൽ വകയാർ പള്ളി കൂദാശയ്ക്കു അവിടെ എത്താൻ പ്രയാസമാണെന്നുള്ള വിവരം വികാരിയെ ഫോൺ മാർഗ്ഗം അറിയിച്ചു. എന്നാൽ നാലു മണിയോടു കൂടി പള്ളി വികാരിയും ഇടവകക്കാർ ചിലരും പത്തനംതിട്ട നിന്നും കുഴിയിലെ ജോർജുകുട്ടി മുതലായവരും ഇവിടെ വന്ന് നാം അത്യാവശ്യമായി അങ്ങോട്ടു എഴുന്നെള്ളണമെന്നും അല്ലാത്തപക്ഷം പല അസുഖങ്ങൾക്കും ഇടയാകുമെന്നും നമ്മെ അവിടെ കയറ്റുകയില്ലെന്ന് ഊട്ടിമൂട്ടിൽ കത്തനാർ ശക്തിയായി പറയുന്നുണ്ടെന്നും പള്ളി കൂദാശ ചെയ്യാൻ നമുക്ക് സുഖമില്ലാത്തപക്ഷം തീമോത്തിയോസ് മെത്രാച്ചൻ കൂദാശ ചെയ്യുമെന്നും നാം അവിടെ സന്നിഹിതനായിരുന്നാൽ മതിയെന്നും മറ്റും നിർബന്ധമായി പറഞ്ഞതനുസരിച്ച് നാളെ രാവിലെ ഇവിടെനിന്നു പുറപ്പെട്ട് മാക്കാംകുന്നിൽ ഉച്ചമേശ കഴിഞ്ഞ് വകയാറ്റു പള്ളിയിലോട്ട് എഴുന്നെള്ളാമെന്നു സമ്മതിച്ചു. സന്ധ്യയോടു കൂടി അവർ തിരിച്ചുപോയി.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ബാവായും ബാവാ പറമ്പും മലങ്കര സഭയും

ഡോ. എം. കുര്യൻ തോമസ്

സമീപകാലത്ത് ഉടമസ്ഥാവകാശം ഒരു വിവാദമാക്കാൻ ചിലർ ശ്രമിക്കുന്ന തിരുവനന്തപുരത്തുള്ള സഭ വക വസ്തുവാണ് *ബാവാപറമ്പ്*. ഈ ലേഖകൻ എഡിറ്റ് ചെയ്ത് 2026 മാർച്ചിൽ പ്രസിദ്ധീകരിച്ച *സൂര്യനിൽ ഒരു ഇടം* (സോഫിയാ ബുക്സ്, കോട്ടയം) എന്ന തിരുവനന്തപുരം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ചരിത്രം രചിക്കുന്നതിനുള്ള അന്വേഷണത്തിലാണ് ബാവാപറമ്പിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള കുറെ വിവരങ്ങൾ ലഭിച്ചു. അതിനു ശേഷവും കുറച്ചു രേഖകൾ ലഭിച്ചു. അവയുടെ അടിസ്ഥാനത്തിലുള്ള പഠനമാണിത്.

1875-77 കാലഘട്ടത്തിലാണ് അന്ത്യോഖ്യയുടെ പ. ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് കേരളത്തിൽ പര്യടനം നടത്തുന്നത്. മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനോടുള്ള യുദ്ധത്തിൽ അവസാന ആയുധമെന്ന നിലയിലാണ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ പാത്രിയർക്കീസിനെ ക്ഷണിച്ചു വരുത്തിയത്. *തിരുവെഴുത്തു വിളംബരം* എന്ന കടമ്പ കടക്കാൻ പാത്രിയർക്കീസും തിരുവിതാംകൂർ മഹാരാജാവും തമ്മിലുള്ള കൂടിക്കാഴ്ച അനിവാര്യമായിരുന്നു. ഇതിനായി 1875 ജൂലൈ 7-നു പാത്രിയർക്കീസ് തിരുവനന്തപുരത്ത് എത്തി. അന്ന് സഭ വകയായി തിരുവനന്തപുരത്ത് ഉണ്ടായിരുന്ന കെട്ടിടം പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ കൈവശമായിരുന്നതിനാൽ എൽ.എം.എസ്. വക കണ്ണമ്മൂലയിലുണ്ടായിരുന്ന ബംഗ്ലാവ് വാടകയ്ക്കെടുത്താണ് പാത്രിയർക്കീസിന് താമസസൗകര്യം ഒരുക്കിയത്. 1875 ഒക്ടോബർ 2 വരെ പാത്രിയർക്കീസ് അവിടെ താമസിച്ചു.

ഇക്കാലത്താണ് ബാവാ പറമ്പിന്റെ ഉത്ഭവം. ഇതിനെക്കുറിച്ചുള്ള ആദ്യ പരാമർശനം *ശുദ്ധ: മാറാൻ മാർ ഇഗ്നാത്യോസ പാത്രിയർക്കീസ ബാവാ തിരുമനസ്സിലെ കല്പനപ്രകാരം* പാലപ്പിള്ളിൽ ഏബ്രഹാം മല്പാൻ 1877-ൽ പ്രസിദ്ധീകരിച്ച *സുറിയാനി സമൂഹവൃത്താന്തം* എന്ന ഗ്രന്ഥത്തിലാണുള്ളത്.

> ... വിശെഷിച്ചും സുറിയാനിക്കാർക്കു തിരുവനന്തപുരത്തു ഒരു പള്ളി ഉണ്ടായിരുന്നതു ജീർണ്ണംഭവിച്ചുപൊകയാൽ വിശുദ്ധ പിതാവിനു ഏറ്റവും മനസ്താപം തൊന്നി അന്ത്യൊഖ്യാ സിംഹാസനത്തിലെ സ്വന്തം വകയായി വഞ്ചിയൂർ അധികാരത്തിൽ കല്ലറപിളാക്കിയിൽ പുരയിടവും അതിനകത്തുള്ള ബങ്കളാവും കൂടി 650 രൂപാ വില കൊടുത്തു 51 കന്നി 10-ന [1875 സെപ്റ്റംബർ 10] ആധാരം എഴുതി വാങ്ങി 269-ാം നമ്പ്രായി രജിസ്തർ ആക്കി അതിൽ പള്ളി പണിയണ്ടതിലെക്കു ഹജൂർ കച്ചെരിയിൽ മത്തായി റൈട്ടർ മുതൽ പെരെ നിയമിച്ച ആക്കുകയും ചെയ്തു.. (പാലപ്പിള്ളിൽ അബ്രഹാം മൽപ്പാൻ, *പാലപ്പിള്ളിൽ മല്പാന്റെ കൃതികൾ*, കോട്ടയം, എം.ഒ.സി. പബ്ലിക്കേഷൻസ്, 2025).

ഇവിടെ പരാമർശിക്കുന്ന *ജീർണ്ണംഭവിച്ചു*പോയ പള്ളി ചാലയിലെ തരിസായ്ക്കളുടെ പള്ളിയാണ്. അന്ത്യൊഖ്യാ സിംഹാസനത്തിലെ സ്വന്തം വകയായി ഈ സ്ഥലം വാങ്ങിയത് മാർ ദീവന്നാസ്യോസ് അഞ്ചാമനാണ്. തന്റെ ഉപയോഗത്തിനായി തിരുവിതാംകൂർ മഹാരാജാവ് സമ്മാനിച്ച ബോട്ട് പോലും വിറ്റ് വില വാങ്ങിക്കൊണ്ടുപോയ പാത്രിയർക്കീസ് ഇത്രയും പണം സ്വന്ത കൈയിൽ നിന്നും മുടക്കുക എന്നത് അവിശ്വസനീയമാണ്.

രസകരമായ വസ്തുത, ബാവാ പറമ്പ് വാങ്ങുന്നതിന് പാത്രിയർക്കീസും പണം മുടക്കിയിട്ടുണ്ട് എന്നതാണ്. 1875 കുംഭം 7-ാം തീയതി എന്നു തീയതി കാണിച്ചിട്ടുള്ള ബാവാപറമ്പിനെ സംബന്ധിച്ച പിരിവു പട്ടികയിൽ അന്നുവരെ



സംഭാവന നൽകിയ എൺപതോളം പേരിൽ ഒന്നാമതായി കാണുന്നത് പാത്രിയർക്കീസിന്റെ പേരാണ്. കല്പനയുടെ പൂർണ്ണരൂപം. (പട്ടിക അന്യത്ര)

(1875 കുംഭം 7-ാം തീയ്യതി)

(സുറിയാനിയിൽ വലിയ തലക്കെട്ട്)

> സർവ്വവും വഹിച്ചിരിക്കുന്ന, കാതൽത്വം തിങ്ങപ്പെട്ടിരിക്കുന്ന, ആദ്യന്തമില്ലാത്ത കാതലിന്റെ തിരുനാമത്താലെ, അന്ത്യാഖ്യായുടെയും കിഴക്കു ഒക്കയുടെയും ശ്ലീഹായിക്കടുത്ത സിംഹാസനത്തിന്റെ മൂന്നാമത്തെ പത്രൊസ് എന്ന മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിൽ നിന്നും,
>
> ദൈവീകത്തിനടുത്തതായ നന്മയും ആകാശത്തിന്നടുത്തതായ വാഴ്ചയും നമ്മുടെ വാത്സല്യ മക്കളായ മലയാളത്തിൽ വസിക്കുന്ന പട്ടക്കാരുടെയും ചെമ്മാശന്മാരുടെയും കൈക്കാരരുടെയും പ്രഭുക്കന്മാരുടെയും ശെഷം എല്ലാവരുടെയുംമെൽ ആവസിച്ചിരിക്കുമാറാകട്ടെ. അത് തമ്പുരാനെ പെറ്റ അമ്മയുടെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ ആമ്മീൻ.
>
> എന്നാൽ നമ്മുടെ ആത്മീകമക്കളെ, നിങ്ങളുടെ സ്നെഹത്തൊടെ നാം അറിയിക്കുന്നതെന്തെന്നാൽ, നാം ഇവിടെ എത്തി അന്വേഷണം ചെയ്തശേഷം നമുക്ക് ഇവിടെ ഒരു ചെറിയ പള്ളി ഉണ്ടായിരുന്നു എന്നും, അത് ജീർണ്ണം വന്നു പൊയാറെ രണ്ടാമതു പണിയിക്കുന്നതിനു താല്പര്യപ്പെടാതെ കിടക്കുന്നു എന്നും അറിഞ്ഞതിൽ നമുക്ക് വളരെ മനസ്ഥാപത്തിന്നു ഇടയാക്കിതീർന്നിരിക്കുന്നു. ഇവിടെ ഉള്ള മറ്റെല്ലാ മതക്കാർക്കും വലിപ്പവും വിശേഷവും കൂടിയ പള്ളികൾ ഉണ്ടായിരിക്കയും നമുക്കു മാത്രം ഇല്ലാതെ ഇരിക്കയും ചെയ്യുന്നത്

നമ്മുടെ ജാതിക്കു വലിയ കുറവു തന്നെ എന്നും, രാജധാനി ഇരിപ്പിടമായ സ്ഥലത്ത് നമ്മുടെ ആളുകൾ സദാ വരത്തുപോക്കുള്ളതിനാൽ ഒരു പള്ളി വേണ്ടത് ആവശ്യമെന്നും നമുക്കു തോന്നിയിരിക്കുന്നു. ആ കുറവ് നികത്തുന്നതിലേക്കായി ഇവിടെ മനോഹരമായ ഒരു സ്ഥലവും ബങ്കളാവും 690 രൂപാ വിലയ്ക്ക് ഏനപ്പെട്ടു വന്നിരിക്കകൊണ്ട് ആയതു വാങ്ങി അവിടെ മേൽപ്രകാരം ഒരു പള്ളി ഇനിയെങ്കിലും താമസിയാതെ പണിയിക്കണമെന്നു നാം നിശ്ചയിച്ചിരിക്കകൊണ്ട് ആ വക എത്ര മുതൽ വേണ്ടിവന്നാലും നമ്മുടെ അനുഗ്രഹിക്കപ്പെട്ട മക്കളായ നിങ്ങൾ അതാത് ഇടവകപള്ളികളിൽ നിന്നും ദൈവം നിങ്ങളെ അനുഗ്രഹിച്ചിരിക്കുന്നതിന്മണ്ണം നിങ്ങളും പൂർണ്ണമനസ്സോടെ ഈ ധർമ്മശേഖര കടലാസിൽ പെരെഴുതി കൈഒപ്പിട്ടു ഈവക ചുമതലപ്പെടുത്തിയിരിക്കുന്നതും ഈ കടലാസു കൊണ്ടുവരുന്നതും ആയ പട്ടക്കാരൻ പക്കൽ ഏല്പിച്ച് രസീതു വാങ്ങിച്ചു കൊള്ളുമെന്നു നാം ദൈവത്തിൽ ശരണപ്പെട്ടിരിക്കുന്നു (സി. മർക്കോസ് കാരയ്ക്കാട്ട്, *പ്രവാസികൾ - തെക്കുംഭാഗ സുറിയാനി ക്രിസ്ത്യാനികളെക്കുറിച്ചുള്ള ഒരു ചരിത്ര പഠനം*, കോട്ടയം, ക്നാനായ ലെയിറ്റി കൗൺസിൽ, 2001).

ഈ കല്പനയുടെ വിശദാംശങ്ങളിലേയ്ക്ക് കടക്കുംമുമ്പ് അതിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതിയിലെ പ്രമാദത്തെക്കുറിച്ച് ചിന്തിക്കാം. ഗ്രന്ഥകാരനാവണം ഈ തീയതി ഇതേ രീതിയിൽ ചേർത്തത്. അക്കാലത്ത് (ഇന്നും) മലങ്കരയിൽ എഴുതുന്ന കല്പനകളിൽ തീയതി അവസാനമാണ് വയ്ക്കുന്നത്.

മുഖ്യമായ വസ്തുത അതല്ല. ബാവാ പറമ്പിനെപ്പറ്റി പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് *1875 കുംഭം 7-ാം തീയതി* വെച്ച് ഒരു കല്പന എഴുതുക അസംഭാവ്യമാണ്. 1875 മെയ് 22-ന് (ഇടവം 10) മാത്രമാണ് അദ്ദേഹം ബോംബെയിൽ വന്നിറങ്ങിയത്. തിരുവനന്തപുരത്ത് എത്തിയത് 1875 ജൂലൈ 7-നു





മാത്രവും (ഡോ. എം. കുര്യൻ തോമസ്, *പത്രോസ് പാത്രിയർക്കീസിന്റെ പരിഷ്ക്കാരങ്ങൾ*, കോട്ടയം, എം.ഒ.സി. പബ്ലിക്കേഷൻസ്, 2011). ഈ സാഹചര്യത്തിൽ 1875 ജനുവരിയിൽ തിരുവനന്തപുരത്തു നിന്നും എഴുതിയത് എന്ന് അനുമാനിക്കാവുന്ന കല്പന അവിശ്വസനീയമാണ്. പക്ഷേ അത് ഈ കല്പനയുടെ സാധുത്വം ഇല്ലാതാക്കുന്നില്ല. മിക്കവാറും കല്പന ലിപിമാറ്റം നടത്തിയവർക്കു പറ്റിയ തെറ്റാകാം. അതിനെപ്പറ്റി പിന്നാലെ ചർച്ച ചെയ്യാം.

(തുടരും)

(ഈ ലേഖനത്തോടൊപ്പം പേജ് അഞ്ചിൽ കൊടുത്തിരിക്കുന്ന ചിത്രം എഐ സാങ്കേതികവിദ്യയിൽ തയ്യാറാക്കിയതാണ്. പേജ് ആറിൽ കൊടുത്തിരിക്കുന്ന പത്രോസ് പാത്രിയർക്കീസ് ബാവായുടെ ചിത്രം, അദ്ദേഹം മെത്രാൻ സ്ഥാനം കൊടുത്ത കടവിൽ പൗലോസ് മാർ അത്താനാസ്യോസിന്റെ സ്ഥാത്തിക്കോനിൽ നിന്നും എടുത്തതാണ്. - ലേഖകൻ)



വൈദികർക്ക് ജീവിതനൈപുണ്യ-നേതൃത്വ പരിശീലനം: ‘ലൈറ്റ് ടു ബ്രൈറ്റ്’ ശിൽപശാല പരുമലയിൽ സമാപിച്ചു

പരുമല: സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സംഘത്തിന്റെ ആഭിമുഖ്യത്തിൽ പരുമല സെന്റ് ഗ്രീഗോറിയോസ് മെഡിക്കൽ മിഷൻ മൾട്ടി സ്പെഷാലിറ്റി ആശുപത്രിയുമായി സഹകരിച്ച് വൈദികർക്കായി ‘ലൈറ്റ് ടു ബ്രൈറ്റ്’ എന്ന പേരിൽ ദ്വിദിന ട്രെയിനിങ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. വൈദികരുടെ വൈകാരികവും മാനസികവുമായ ക്ഷേമവും നേതൃപാഠവവും ലക്ഷ്യമിട്ട് സംഘടിപ്പിച്ച ക്യാമ്പ് ചെങ്ങന്നൂർ ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.

വൈദിക സംഘം ജനറൽ സെക്രട്ടറി ഫാ. ഡോ. നൈനാൻ വി. ജോർജ്, പരുമല ആശുപത്രി സി.ഇ.ഒ. ഫാ. എം. സി. പൗലോസ്, ഫാ. ജോൺ റ്റി. വറുഗീസ്, ഫാ. ജിജു വർഗീസ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

പരുമല ആശുപത്രിയിലെ ബിഹേവിയറൽ മെഡിസിൻ വിഭാഗം വിദഗ്ധരായ ഡോ. പി. കെ. കുരുവിള, ഡോ. റബേക്ക അബ്രഹാം, ഡോ. ജെയ്സൺ ജോർജ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് അഖില എസ്. കുമാർ, മെഡിക്കൽ ആന്റ് സൈക്യാട്രിക് സോഷ്യൽ വർക്കർ ജോർജ് വർഗീസ്, കൗൺസിലർ ജിൻസു എൽസ ബിജു, എൻഡോക്രൈനോളജിസ്റ്റ് ഡോ. നന്ദിനി പ്രസാദ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. പേഴ്സണാലിറ്റി ഡെവലപ്മെന്റ്, സ്ട്രെസ് മാനേജ്മെന്റ്, ഡിജിറ്റൽ ഡിറ്റോക്സിഫിക്കേഷൻ, ഫാമിലി ഡൈനാമിക്സ്, ജീവിതശൈലീ രോഗങ്ങൾ തുടങ്ങിയ വിഷയങ്ങളിലാണ് ക്യാമ്പിൽ പരിശീലനം നൽകിയത്.

സമാപന സമ്മേളനത്തിൽ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ സന്ദേശം നൽകുകയും പങ്കെടുത്ത വൈദികർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

മാർത്തയും മറിയയും



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

വിശുദ്ധ ഗ്രന്ഥത്തിലെ ശ്രദ്ധേയരായ സ്ത്രീകളിൽ പ്രധാന സ്ഥാനമാണ് ബേഥാന്യയിലെ സഹോദരിമാരായ മാർത്തയ്ക്കും മറിയയ്ക്കും ഉള്ളത്. യെരുശലേമിന് സമീപമുള്ള ബേഥാന്യ എന്ന ഗ്രാമത്തിലാണ് അവർ സഹോദരനായ ലാസറിനോടൊപ്പം താമസിച്ചിരുന്നത്. യേശുക്രിസ്തുവിന് വളരെ പ്രിയപ്പെട്ട കുടുംബമായിരുന്നു ഇവരുടേത്. തന്റെ പരസ്യജീവിതകാലത്ത് യേശു പലപ്പോഴും അവരുടെ ഭവനം സന്ദർശിക്കുകയും അവരുമായി അടുത്ത ബന്ധം പുലർത്തുകയും ചെയ്തിരുന്നു. ബൈബിളിൽ യേശുവിന്റെ വ്യക്തിപരമായ സ്നേഹവും സൗഹൃദവും പ്രത്യേകം എടുത്തുപറയുന്ന കുടുംബങ്ങളിൽ ഒന്നാണ് ഈ കുടുംബം.

മാർത്തയെയും മറിയയെയും കുറിച്ചുള്ള വിവരങ്ങൾ പ്രധാനമായും ലൂക്കോസ് 10:38–42–ലും യോഹന്നാന്റെ 11, 12 അധ്യായങ്ങളിലുമാണ് കാണുന്നത്. ഈ ഭാഗങ്ങളിൽ അവരുടെ വ്യക്തിത്വം, വിശ്വാസം, യേശുവിനോടുള്ള സ്നേഹം, ആത്മീയ ജീവിതം എന്നിവ വ്യക്തമായി പ്രതിഫലിക്കുന്നു. ഒരേ കുടുംബത്തിൽ ജനിച്ചവരായിരുന്നിട്ടും സ്വഭാവത്തിലും ജീവിത സമീപനത്തിലും ഇരുവരും വ്യത്യസ്തരായിരുന്നു. മാർത്ത കൂടുതൽ പ്രവർത്തനനിരതയും സേവനതത്പരയുമായിരുന്നപ്പോൾ, മറിയ പ്രാർത്ഥനയ്ക്കും ദൈവവചന ശ്രവണത്തിനും കൂടുതൽ പ്രാധാന്യം നൽകിയവളായിരുന്നു. എന്നാൽ ഈ വ്യത്യാസങ്ങൾ അവരെ തമ്മിൽ അകറ്റിയില്ല; മറിച്ച് ദൈവസ്നേഹത്തിലേക്കും വിശ്വാസത്തിലേക്കും നയിച്ചു.

ലാസറിന്റെ മരണവും പുനരുത്ഥാനവും സംബന്ധിച്ച സംഭവങ്ങളിൽ ഇരുവരുടെയും ആഴമായ വിശ്വാസം വെളിപ്പെടുന്നു. ദുഃഖത്തിന്റെയും പ്രതിസന്ധിയുടെയും നടുവിലും അവർ യേശുവിൽ പ്രത്യാശ അർപ്പിച്ചു. പ്രത്യേകിച്ച് മാർത്ത യേശുവിനെ മിശിഹായായും ദൈവപുത്രനായും ഏറ്റുപറഞ്ഞപ്പോൾ, മറിയ തന്റെ സ്നേഹവും സമർപ്പണവും ആരാധനാഭാവവും പ്രവർത്തിയിലൂടെ പ്രകടിപ്പിച്ചു. യേശുവിന്റെ പാദങ്ങളിൽ ഇരുന്ന് വചനം കേട്ട മറിയയും, യേശുവിനെയും അതിഥികളെയും ശുശ്രൂഷിക്കാൻ ഓടിനടന്ന മാർത്തയും ക്രൈസ്തവ ജീവിതത്തിന്റെ രണ്ട് പ്രധാന വശങ്ങളെ പ്രതിനിധീകരിക്കുന്നു പ്രാർത്ഥനയും സേവനവും.

ഇന്നത്തെ വിശ്വാസികൾക്ക് മാർത്തയുടെയും മറിയയുടെയും ജീവിതം വലിയ പ്രചോദനമാണ്. തിരക്കേറിയ ജീവിതത്തിനിടയിലും ദൈവത്തിനായി സമയം കണ്ടെത്തേണ്ടതിന്റെ ആവശ്യകതയും, അതോടൊപ്പം മറ്റുള്ളവരെ സ്നേഹത്തോടെ സേവിക്കേണ്ടതിന്റെ പ്രാധാന്യവും അവരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. വിശ്വാസം, സമർപ്പണം, സേവനം, പ്രാർത്ഥന, ദൈവസ്നേഹം എന്നിവയുടെ മനോഹരമായ സമന്വയമാണ് മാർത്തയുടെയും മറിയയുടെയും ജീവിതം. അതുകൊണ്ടുതന്നെ ക്രൈസ്തവ ആത്മീയതയുടെ മികച്ച മാതൃകകളായി അവർ ഇന്നും വിശ്വാസികളുടെ ഹൃദയങ്ങളിൽ നിലകൊള്ളുന്നു.

1 മാർത്തയുടെ സ്വഭാവ സവിശേഷതകൾ

മാർത്ത യേശുവിന്റെ വിശ്വസ്ത അനുയായിയും ആതിഥേയ മനോഭാവമുള്ള സ്ത്രീയുമായിരുന്നു. യേശു ബേഥാന്യയിലെ അവരുടെ വീട്ടിൽ എത്തിയപ്പോൾ അവനെ സന്തോഷത്തോടെ സ്വീകരിച്ചത് മാർത്തയായിരുന്നു. അതിഥികളെ ആദരവോടെയും സ്നേഹത്തോടെയും സ്വീകരിക്കുന്ന നല്ല സ്വഭാവം അവൾക്കുണ്ടായിരുന്നു. മറ്റുള്ളവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുകയും അവരെ ശുശ്രൂഷിക്കുകയും ചെയ്യുന്നതിൽ അവൾ പ്രത്യേകം ശ്രദ്ധ പുലർത്തിയിരുന്നു. അതുകൊണ്ടുതന്നെ യേശുവും ശിഷ്യന്മാരും അവരുടെ വീട്ടിൽ വരുമ്പോൾ ആവശ്യമായ ഒരുക്കങ്ങൾ ചെയ്യുന്നതിൽ അവൾ സജീവമായി പങ്കെടുത്തു.



മാർത്തയുടെ മറ്റൊരു പ്രത്യേകത അവളുടെ തുറന്ന മനസ്സായിരുന്നു. തന്റെ വിഷമങ്ങളും സംശയങ്ങളും യേശുവിനോട് തുറന്നു പറയാൻ അവൾ മടിച്ചിരുന്നില്ല. ലൂക്കോസ് എഴുതിയ സുവിശേഷത്തിൽ മറിയ സഹായിക്കാതെ യേശുവിന്റെ പാദത്തിങ്കൽ ഇരിക്കുന്നതിനെക്കുറിച്ചുള്ള തന്റെ വിഷമം അവൾ യേശുവിനോട് നേരിട്ട് പറഞ്ഞു. അതുപോലെ, ലാസറിന്റെ മരണസമയത്തും അവൾ തന്റെ ദുഃഖവും നിരാശയും യേശുവിനോട് പങ്കുവച്ചു. ഇത് അവളുടെ ആത്മാർത്ഥതയും സത്യസന്ധതയും വെളിപ്പെടുത്തുന്നു.

മാർത്ത ശക്തമായ വിശ്വാസത്തിന്റെ ഉടമയുമായിരുന്നു. ലാസർ മരിച്ചപ്പോൾ അവൾ ദുഃഖത്തിലായിരുന്നെങ്കിലും യേശുവിലുള്ള വിശ്വാസം നഷ്ടപ്പെടുത്തിയില്ല. ‘കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുമായിരുന്നില്ല. എങ്കിലും ഇപ്പോഴും നീ ദൈവത്തോട് അപേക്ഷിക്കുന്നതെന്തും ദൈവം നിനക്കു നൽകുമെന്ന് ഞാൻ അറിയുന്നു‘ (യോഹന്നാൻ 11:21–22) എന്നാണവൾ പറഞ്ഞത്. പ്രതിസന്ധിയുടെ സമയത്തുപോലും ദൈവത്തിൽ പ്രത്യാശ അർപ്പിച്ച സ്ത്രീയായിരുന്നു അവൾ.

അതിലുപരി, യേശുവിനെ മിശിഹായും ദൈവപുത്രനായും ഏറ്റുപറയാൻ ധൈര്യം കാണിച്ച സ്ത്രീയായിരുന്നു മാർത്ത. “അതേ കർത്താവേ, ലോകത്തി

ലേക്കു വരേണ്ട ക്രിസ്തുവും ദൈവപുത്രനും നീ തന്നെയാണെന്ന് ഞാൻ വിശ്വസിച്ചിരിക്കുന്നു" (യോഹന്നാൻ 11:27) എന്ന അവളുടെ വിശ്വാസപ്രഖ്യാപനം ബൈബിളിലെ ഏറ്റവും ശക്തമായ വിശ്വാസസാക്ഷ്യങ്ങളിൽ ഒന്നാണ്. അതിലൂടെ യേശുവിന്റെ യഥാർത്ഥ ദൈവികത അവൾ തിരിച്ചറിഞ്ഞിരുന്നുവെന്ന് വ്യക്തമാകുന്നു.

അങ്ങനെ മാർത്തയുടെ ജീവിതം ആതിഥ്യസ്നേഹം, സേവനമനോഭാവം, ഉത്തരവാദിത്തബോധം, ആത്മാർത്ഥത, ഉറച്ച വിശ്വാസം, യേശുവിനോടുള്ള സമർപ്പണം എന്നീ ഗുണങ്ങളാൽ സമ്പന്നമായിരുന്നു. സേവനത്തിലും വിശ്വാസത്തിലും മാതൃകയാകുന്ന സ്ത്രീയായി മാർത്ത ഇന്നും ക്രൈസ്തവർക്കു വലിയ പ്രചോദനമാണ്.

2. മറിയയുടെ സ്വഭാവ സവിശേഷതകൾ

മറിയ യേശുവിന്റെ ഏറ്റവും അടുത്ത അനുയായികളിൽ ഒരാളും ആഴമായ ആത്മീയതയുള്ള സ്ത്രീയുമായിരുന്നു. ബേഥാന്യയിലെ തന്റെ വീട്ടിൽ യേശു വന്നപ്പോൾ, വീട്ടുജോലികളിലും മറ്റ് തിരക്കുകളിലും മുഴുകാതെ യേശുവിന്റെ പാദത്തിങ്കൽ ഇരുന്ന് അവിടുത്തെ വചനങ്ങൾ കേൾക്കാനാണ് അവൾ ആഗ്രഹിച്ചത്. ദൈവവചനത്തിന് അവൾ നൽകിയ പ്രാധാന്യമാണ് ഇതിലൂടെ വെളിപ്പെടുന്നത്. ജീവിതത്തിലെ മറ്റ് കാര്യങ്ങളെക്കാൾ ആത്മീയ വളർച്ചയ്ക്കും ദൈവവുമായുള്ള ബന്ധത്തിനും മുൻഗണന നൽകുന്ന വ്യക്തിയായിരുന്നു മറിയ. യേശുവിന്റെ ഉപദേശങ്ങൾ ശ്രദ്ധയോടെ കേൾക്കുകയും അവ ഹൃദയത്തിൽ സ്വീകരിക്കുകയും ചെയ്ത അവൾ ഒരു യഥാർത്ഥ ശിഷ്യയുടെ മാതൃകയാണ്.

മറിയയ്ക്ക് പഠിക്കാനുള്ള മനസ്സും ആത്മീയ ജ്ഞാനം നേടാനുള്ള ആഗ്രഹവും ഉണ്ടായിരുന്നു. യേശുവിന്റെ ഓരോ വചനവും വിലപ്പെട്ടതാണെന്ന് അവൾ തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടാണ് അവൾ സമയം കണ്ടെത്തി യേശുവിന്റെ സന്നിധിയിൽ ഇരുന്നത്. ദൈവത്തിൽ നിന്ന് പഠിക്കുവാനും ആത്മീയമായി വളരുവാനും സന്നദ്ധത കാണിച്ച അവളുടെ ജീവിതം ഇന്നത്തെ വിശ്വാസികൾക്കും വലിയ മാതൃകയാണ്. അറിവും ജ്ഞാനവും സമ്പാദിക്കുന്നതിനേക്കാൾ ദൈവത്തെ അറിയുന്നതാണ് ഏറ്റവും പ്രധാനമെന്ന് മറിയയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

മറിയയുടെ ശ്രദ്ധേയമായ മറ്റൊരു ഗുണമായിരുന്നു വിനയം. യേശുവിന്റെ പാദങ്ങളിൽ ഇരുന്ന് വചനം കേൾക്കുകയും പിന്നീട് വിവിധ അവസരങ്ങളിൽ അവിടുത്തെ പാദങ്ങളിൽ വീണു പ്രാർത്ഥിക്കുകയും ചെയ്തതിലൂടെ അവളുടെ വിനയം പ്രകടമാകുന്നു. അന്നത്തെ പൊതുസമൂഹത്തിൽ സ്ത്രീകൾക്ക് പൊതു അധ്യാപകരുടെ ശിഷ്യരായി ഇരിക്കാനുള്ള അവസരങ്ങൾ കുറവായിരുന്നെങ്കിലും, യേശുവിന്റെ മുമ്പിൽ വിനയപൂർവ്വം ഇരുന്ന് പഠിക്കാൻ മറിയ തയ്യാറായി. സ്വന്തം മഹത്വം അന്വേഷിക്കാതെ ദൈവത്തിന്റെ സന്നിധിയിൽ തന്നെത്തന്നെ സമർപ്പിക്കാൻ അവൾക്ക് കഴിഞ്ഞു.

മറിയയ്ക്ക് യേശുവിനോട് അതിയായ സ്നേഹവും അടുപ്പവും ഉണ്ടായിരുന്നു. ലാസറിന്റെ മരണശേഷം യേശു ബേഥാന്യയിൽ എത്തിയപ്പോൾ മറിയ അവിടുത്തെ പാദങ്ങളിൽ വീണു കരഞ്ഞു. തന്റെ ദുഃഖവും വേദനയും യേശുവിനോട് തുറന്നു പറയാൻ അവൾ മടിച്ചില്ല. സഹോദരന്റെ മരണം അവളെ തളർത്തിയെങ്കിലും യേശുവിന്റെ സാന്നിധ്യത്തിലാണ് അവൾ ആശ്വാസം തേടിയത്. അവളുടെ കണ്ണുനീരും വിശ്വാസവും യേശുവിന്റെ ഹൃദയത്തെ സ്പർശിച്ചു. യേശു കരഞ്ഞതായി ബൈബിൾ രേഖപ്പെടുത്തുന്ന സംഭവം മറിയയോടും അവളുടെ കുടുംബത്തോടും യേശുവിനുണ്ടായിരുന്ന സ്നേഹത്തിന്റെ ആഴം വ്യക്തമാക്കുന്നു.

അങ്ങനെ മറിയയുടെ ജീവിതം ആത്മീയത, വിനയം, പഠിക്കാനുള്ള മനസ്സ്, ആഴമായ സ്നേഹം, ആരാധനാഭാവം, സമർപ്പണം, ത്യാഗം എന്നീ മഹത്തായ ഗുണങ്ങളാൽ സമ്പന്നമായിരുന്നു. ദൈവവചനത്തെ സ്നേഹിക്കുകയും യേശുവിന്റെ സാന്നിധ്യത്തിൽ സമയം ചെലവഴിക്കുകയും അവിടുത്തെ പൂർണ്ണ ഹൃദയത്തോടെ ആരാധിക്കുകയും ചെയ്ത മറിയ ഇന്നും എല്ലാ വിശ്വാസികൾക്കും അനുകരണീയമായ ആത്മീയ മാതൃകയായി നിലകൊള്ളുന്നു.

3 മാർത്തയും മറിയയും തമ്മിലുള്ള സാമ്യങ്ങൾ

മാർത്തയും മറിയയും സ്വഭാവത്തിൽ വ്യത്യസ്തരായിരുന്നുവെങ്കിലും അവരുടെ ജീവിതത്തിൽ നിരവധി സാമ്യതകൾ കാണാൻ കഴിയും. ഇരുവരും യേശുക്രിസ്തുവിനെ ആത്മാർത്ഥമായി സ്നേഹിക്കുകയും അവിടുത്തെ ബഹുമാനിക്കുകയും ചെയ്തിരുന്നു. യേശു അവരുടെ വീട്ടിൽ എത്തുമ്പോൾ അവർ സന്തോഷത്തോടെ സ്വീകരിക്കുകയും അവിടുത്തെ സാന്നിധ്യം വലിയ അനുഗ്രഹമായി കണക്കാക്കുകയും ചെയ്തു. യേശുവിനോടുള്ള ഈ സ്നേഹവും അടുപ്പവുമാണ് അവരുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവായി മാറിയത്. വ്യത്യസ്ത രീതികളിൽ അവർ യേശുവിനോടുള്ള സ്നേഹം പ്രകടിപ്പിച്ചെങ്കിലും ആ സ്നേഹത്തിന്റെ ആഴം ഒരുപോലെയായിരുന്നു.

ഇരുവരും ശക്തമായ വിശ്വാസമുള്ള സ്ത്രീകളായിരുന്നു. ലാസറിന്റെ മരണസമയത്ത് അവർ അതീവ ദുഃഖത്തിലായിരുന്നെങ്കിലും യേശുവിലുള്ള വിശ്വാസം നഷ്ടപ്പെടുത്തിയില്ല. 'കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുമായിരുന്നില്ല' എന്ന് മാർത്തയും മറിയയും പറഞ്ഞത് അവരുടെ വിശ്വാസത്തിന്റെ തെളിവാണ്. ദുഃഖത്തിന്റെയും നിരാശയുടെയും സമയത്തുപോലും അവർ യേശുവിൽ പ്രത്യാശ അർപ്പിച്ചു. മനുഷ്യരുടെ സഹായം പരിമിതമാണെങ്കിലും ദൈവത്തിന് അസാധ്യമായി ഒന്നുമില്ലെന്ന വിശ്വാസമാണ് അവരുടെ ജീവിതത്തിൽ കാണുന്നത്.

മാർത്തയും മറിയയും യേശുവിന് വളരെ പ്രിയപ്പെട്ടവരായിരുന്നു എന്നതും ശ്രദ്ധേയമായ ഒരു കാര്യമാണ്. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ 'യേശു മാർത്തയെയും അവളുടെ സഹോദരിയെയും ലാസറിനെയും സ്നേഹിച്ചിരുന്നു' എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് യേശുവിനും ഈ കുടുംബത്തിനും ഇടയിലുണ്ടായിരുന്ന പ്രത്യേക ബന്ധത്തെ വെളിപ്പെടുത്തുന്നു. യേശു അവരുടെ സന്തോഷങ്ങളിലും ദുഃഖങ്ങളിലും പങ്കുചേർന്നു. ലാസറിന്റെ മരണത്തിൽ അവർ അനുഭവിച്ച വേദന യേശുവിന്റെ ഹൃദയത്തെയും സ്പർശിച്ചു. അവരുടെ കുടുംബത്തോടുള്ള യേശുവിന്റെ സ്നേഹം ദൈവത്തിന്റെ കരുണയുടെയും സൗഹൃദത്തിന്റെയും മനോഹരമായ ഉദാഹരണമാണ്.

ഇരുവരും മാതൃകാപരമായ ശിഷ്യകളായിരുന്നു. മാർത്ത സേവനത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും തന്റെ വിശ്വാസം പ്രകടിപ്പിച്ചപ്പോൾ, മറിയ പ്രാർത്ഥനയിലൂടെയും ദൈവവചന ശ്രവണത്തിലൂടെയും തന്റെ വിശ്വാസം പ്രകടിപ്പിച്ചു. ഒരാൾ പ്രവർത്തനത്തിന്റെ പ്രാധാന്യം കാണിച്ചപ്പോൾ മറ്റൊരാൾ ആത്മീയ ജീവിതത്തിന്റെ പ്രാധാന്യം എടുത്തുകാട്ടി. എന്നാൽ ഇരുവരുടെയും ലക്ഷ്യം ഒരുപോലെയായിരുന്നുയേശുവിനെ സ്നേഹിക്കുകയും അവിടുത്തെ മഹത്വപ്പെടുത്തുകയും ചെയ്യുക. അതുകൊണ്ട് മാർത്തയും മറിയയും ചേർന്ന് ഒരു സമ്പൂർണ്ണ ക്രൈസ്തവ ജീവിതത്തിന്റെ രണ്ട് വശങ്ങളെ പ്രതിനിധീകരിക്കുന്നു.

ഇതിനു പുറമേ, ഇരുവരും ദൈവസന്നിധിയിൽ വിനയമുള്ളവരായിരുന്നു. ജീവിതത്തിലെ പ്രതിസന്ധികളും ദുഃഖങ്ങളും വന്നപ്പോൾ അവർ ദൈവത്തിൽ നിന്ന് അകന്നില്ല; മറിച്ച് കൂടുതൽ അടുക്കുകയാണ് ചെയ്തത്. അവരുടെ ജീവിതം വിശ്വാസം, സ്നേഹം, സമർപ്പണം, വിനയം എന്നീ ഗുണങ്ങളാൽ സമ്പന്നമായിരുന്നു. അതുകൊണ്ടുതന്നെ മാർത്തയും മറിയയും ഇന്നത്തെ വിശ്വാസികൾക്കും ആത്മീയ ജീവിതത്തിൽ അനുകരിക്കാവുന്ന മഹത്തായ മാതൃകകളായി നിലകൊള്ളുന്നു.

മാർത്തയുടെയും മറിയയുടെയും ജീവിതം വിശ്വാസികൾക്ക് നിരവധി ആത്മീയ പാഠങ്ങൾ നൽകുന്നു. അവരിൽ ഒരാൾ സേവനത്തിനും മറ്റൊരാൾ പ്രാർത്ഥനയ്ക്കും പ്രാധാന്യം നൽകിയെങ്കിലും യേശു ഇരുവരെയും സ്നേഹിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഇതിലൂടെ ക്രൈസ്തവ ജീവിതത്തിൽ സേവനവും പ്രാർത്ഥനയും ഒരുപോലെ പ്രധാനമാണെന്ന് നമുക്ക് മനസ്സിലാക്കാം. മറ്റുള്ളവരെ സഹായിക്കുകയും സ്നേഹത്തോടെ ശുശ്രൂഷിക്കുകയും ചെയ്യുന്നത് ദൈവത്തിന് പ്രസാദകരമാണ്. അതേസമയം, ദൈവവചനങ്ങൾ കേൾക്കുകയും പ്രാർത്ഥനയിൽ സമയം ചെലവഴിക്കുകയും ചെയ്യുന്നതും ആത്മീയ വളർച്ചയ്ക്ക് അനിവാര്യമാണ്. പ്രവർത്തനം മാത്രമോ പ്രാർത്ഥന മാത്രമോ മതിയാകില്ല; രണ്ടും തുല്യമായി ജീവിതത്തിൽ ഉണ്ടായിരിക്കണം എന്ന പാഠമാണ് മാർത്തയും മറിയയും നമ്മെ പഠിപ്പിക്കുന്നത്.

ജീവിതത്തിലെ തിരക്കുകൾക്കിടയിലും ദൈവത്തിന് സമയം നൽകേണ്ടതിന്റെ ആവശ്യകതയും ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. മാർത്ത നിരവധി ജോലികളിലും ഒരുക്കങ്ങളിലും മുഴുകിയപ്പോൾ മറിയ യേശുവിന്റെ പാദത്തിങ്കൽ ഇരുന്ന് അവിടുത്തെ വചനങ്ങൾ കേൾക്കാൻ സമയം കണ്ടെത്തി.

ഇന്നത്തെ ജീവിതത്തിലും ജോലി, പഠനം, കുടുംബചുമതലകൾ, സാമൂഹിക ഉത്തരവാദിത്തങ്ങൾ തുടങ്ങിയ നിരവധി തിരക്കുകൾ നമ്മെ ചുറ്റിപ്പറ്റിയിരിക്കുന്നു. എന്നാൽ ഈ തിരക്കുകൾക്കിടയിലും ദൈവത്തിനായി സമയം മാറ്റിവയ്ക്കുകയും പ്രാർത്ഥനയ്ക്കും തിരുവചനവായനയ്ക്കും പ്രാധാന്യം നൽകേണ്ടത് അത്യാവശ്യമാണ്. ദൈവവുമായി ഉള്ള ബന്ധമാണ് ജീവിതത്തിന് യഥാർത്ഥ അർത്ഥവും ദിശയും നൽകുന്നത്.

ദുഃഖത്തിന്റെയും പ്രതിസന്ധിയുടെയും സമയങ്ങളിൽ ദൈവത്തിൽ ആശ്രയിക്കേണ്ടതിന്റെ മഹത്തായ ഉദാഹരണവും മാർത്തയുടെയും മറിയയുടെയും ജീവിതത്തിൽ കാണാം. ലാസറിന്റെ മരണം അവരുടെ ജീവിതത്തിലെ ഏറ്റവും വലിയ ദുഃഖാനുഭവങ്ങളിലൊന്നായിരുന്നു. എന്നാൽ ആ വേദനയുടെ സമയത്ത് അവർ യേശുവിൽ നിന്ന് അകന്നുപോയില്ല. മറിച്ച് തങ്ങളുടെ ദുഃഖവും കണ്ണീരും പ്രത്യാശയും അവിടുത്തെ സന്നിധിയിൽ സമർപ്പിച്ചു. അതിന്റെ ഫലമായി അവർ ദൈവത്തിന്റെ മഹത്വവും അത്ഭുതപ്രവൃത്തിയും അനുഭവിച്ചു. നമ്മുടെ ജീവിതത്തിലും കഷ്ടതകളും നഷ്ടങ്ങളും നിരാശകളും വരുമ്പോൾ മനുഷ്യരിൽ മാത്രം ആശ്രയിക്കാതെ ദൈവത്തിൽ വിശ്വാസം അർപ്പിക്കണമെന്ന് ഈ സംഭവം പഠിപ്പിക്കുന്നു.

യഥാർത്ഥ വിശ്വാസം ഹൃദയത്തിൽ മാത്രം ഒതുങ്ങാതെ ജീവിതത്തിൽ പ്രവർത്തികളായി പ്രതിഫലിക്കണം. സ്നേഹം, സേവനം, കരുണ, ദാനം, ക്ഷമ എന്നിവയിലൂടെ ദൈവത്തോടുള്ള നമ്മുടെ സ്നേഹം പ്രകടമാക്കാൻ കഴിയണം.

വിശ്വാസവും സമർപ്പണവും ജീവിതത്തെ അനുഗ്രഹീതമാക്കുന്നുവെന്നും മാർത്തയുടെയും മറിയയുടെയും ജീവിതം നമ്മെ പഠിപ്പിക്കുന്നു. അവർ യേശുവിൽ പൂർണമായി വിശ്വസിക്കുകയും അവനെ സ്നേഹിക്കുകയും ചെയ്തു. പ്രതിസന്ധികൾ വന്നപ്പോഴും അവരുടെ വിശ്വാസം തളർന്നില്ല. അതിന്റെ ഫലമായി അവർ ദൈവത്തിന്റെ അത്ഭുതകരമായ പ്രവർത്തനങ്ങൾ നേരിട്ട് അനുഭവിച്ചു. വിശ്വാസത്തോടെ ദൈവത്തിൽ ആശ്രയിക്കുകയും ജീവിതം അവിടുത്തെ കരങ്ങളിൽ സമർപ്പിക്കുകയും ചെയ്യുന്നവർക്ക് ദൈവം തന്റെ കൃപയും അനുഗ്രഹവും സമാധാനവും നൽകുന്നു. അതിനാൽ വിശ്വാസവും സമർപ്പണവും നിറഞ്ഞ ജീവിതം നയിക്കാൻ മാർത്തയുടെയും മറിയയുടെയും മാതൃക ഓരോ വിശ്വാസിയെയും പ്രചോദിപ്പിക്കുന്നു.

അങ്ങനെ സേവനം, പ്രാർത്ഥന, വിശ്വാസം, സമർപ്പണം, സ്നേഹം, പ്രത്യാശ എന്നിവയുടെ മനോഹരമായ സമന്വയമാണ് മാർത്തയുടെയും മറിയയുടെയും ജീവിതം. അവരുടെ ജീവിതത്തിൽ നിന്ന് പഠിക്കുന്ന ആത്മീയ പാഠങ്ങൾ ഇന്നും ഓരോ ക്രൈസ്തവന്റെയും വിശ്വാസജീവിതത്തെ സമ്പന്നമാക്കുകയും ദൈവത്തോട് കൂടുതൽ അടുക്കാൻ സഹായിക്കുകയും ചെയ്യുന്നു.

മാർത്തയും മറിയയും യേശുക്രിസ്തുവിന്റെ വിശ്വസ്ത സുഹൃത്തുക്കളും സമർപ്പിത ശിഷ്യകളുമായിരുന്നു. അവരുടെ ജീവിതം പരിശോധിക്കുമ്പോൾ, വ്യത്യസ്ത സ്വഭാവങ്ങളും സമീപനങ്ങളും ഉണ്ടായിരുന്നിട്ടും ഇരുവരുടെയും ജീവിതത്തിന്റെ കേന്ദ്രം യേശുക്രിസ്തുവായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. മാർത്ത തന്റെ സേവനമനോഭാവത്തിലൂടെയും ആതിഥ്യസ്നേഹത്തിലൂടെയും ഉത്തരവാദിത്തബോധത്തിലൂടെയും വിശ്വാസം പ്രകടിപ്പിച്ചപ്പോൾ, മറിയ തന്റെ പ്രാർത്ഥനാജീവിതത്തിലൂടെയും ദൈവവചനത്തോടുള്ള സ്നേഹത്തിലൂടെയും ആരാധനാഭാവത്തിലൂടെയും സമർപ്പണത്തിലൂടെയും വിശ്വാസം പ്രകടിപ്പിച്ചു. ഇരുവരും വ്യത്യസ്ത വഴികളിലൂടെ ദൈവത്തെ മഹത്വപ്പെടുത്തി എന്നതാണ് അവരുടെ ജീവിതത്തിന്റെ പ്രത്യേകത.

മാർത്തയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് വിശ്വാസം വാക്കുകളിൽ മാത്രം ഒതുങ്ങാതെ സേവനപ്രവൃത്തികളിലൂടെ പ്രകടമാകേണ്ടതാണെന്നാണ്. മറ്റുള്ളവരെ സ്നേഹത്തോടെ സ്വീകരിക്കുകയും അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുന്നത് ക്രൈസ്തവ ജീവിതത്തിന്റെ പ്രധാന ഭാഗമാണ്. അതേസമയം, ദൈവവുമായി വ്യക്തിപരമായ ബന്ധം വളർത്തേണ്ടതിന്റെ പ്രാധാന്യം നമ്മെ ഓർമ്മിപ്പിക്കുന്നതാണ് മറിയയുടെ ജീവിതം. ജീവിതത്തിലെ തിരക്കുകൾക്കിടയിലും ദൈവസന്നിധിയിൽ സമയം ചെലവഴിക്കുകയും അവിടുത്തെ വചനം കേൾക്കുകയും പ്രാർത്ഥനയിൽ സ്ഥിരത പുലർത്തുകയും ചെയ്യേണ്ടതിന്റെ പ്രധാന്യം അവളുടെ ജീവിതം വ്യക്തമാക്കുന്നു.

ലാസറിന്റെ മരണസമയത്ത് ഇരുവരും പ്രകടിപ്പിച്ച വിശ്വാസം ദുഃഖത്തിന്റെയും പ്രതിസന്ധിയുടെയും സമയങ്ങളിൽ ദൈവത്തിൽ ആശ്രയിക്കേണ്ടതിന്റെ മഹത്തായ മാതൃകയാണ്. മനുഷിക കാഴ്ചപ്പാടിൽ, പ്രത്യാശ നഷ്ടപ്പെട്ടതായി തോന്നിയ സാഹചര്യത്തിലും അവർ യേശുവിൽ വിശ്വസിച്ചു. അവരുടെ വിശ്വാസത്തിന് പ്രതിഫലമായി ദൈവത്തിന്റെ മഹത്വം അവർ നേരിട്ട് അനുഭവിച്ചു. ഇന്നത്തെ വിശ്വാസികൾക്കും ഇത് വലിയ ആശ്വാസവും പ്രത്യാശയും നൽകുന്ന സന്ദേശമാണ്. ജീവിതത്തിൽ എന്തെല്ലാം പ്രതിസന്ധികൾ വന്നാലും ദൈവത്തിൽ ആശ്രയിക്കുന്നവർ ഒരിക്കലും നിരാശരാകുകയില്ലെന്ന് അവരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

മാർത്തയുടെയും മറിയയുടെയും ജീവിതം ഒരുമിച്ച് നോക്കുമ്പോൾ യഥാർത്ഥ ക്രൈസ്തവ ജീവിതത്തിന്റെ സമ്പൂർണ ചിത്രം നമുക്ക് ലഭിക്കുന്നു. സേവനവും പ്രാർത്ഥനയും, പ്രവർത്തനവും ധ്യാനവും, വിശ്വാസവും സ്നേഹവും, സമർപ്പണവും ഉത്തരവാദിത്തവും എല്ലാം ഒരുമിച്ച് ചേർന്നാലാണ് ആത്മീയ ജീവിതം സമ്പൂർണമാകുന്നത്. ദൈവത്തെ സ്നേഹിക്കുകയും അതോടൊപ്പം സഹോദരങ്ങളെ സേവിക്കുകയും ചെയ്യുക എന്നതാണ് ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനസന്ദേശം. ഈ സത്യം ഏറ്റവും മനോഹരമായി വെളിപ്പെടുത്തുന്ന മാതൃകകളാണ് മാർത്തയും മറിയയും.

അതുകൊണ്ട് ഇന്നത്തെ വിശ്വാസികൾക്കും മാർത്തയും മറിയയും അനുകരിക്കാവുന്ന മഹത്തായ ആത്മീയ മാതൃകകളാണ്. അവരുടെ ജീവിതം നമ്മെ കൂടുതൽ വിശ്വാസികളാകാനും, ദൈവവചനത്തെ സ്നേഹിക്കാനും, പ്രാർത്ഥനയിൽ വളരാനും, മറ്റുള്ളവരെ സേവിക്കാനും പ്രചോദിപ്പിക്കുന്നു. യേശുവിനോടുള്ള സ്നേഹവും വിശ്വാസവും സമർപ്പണവും നിറഞ്ഞ അവരുടെ ജീവിതം എല്ലാ തലമുറകളിലുമുള്ള ക്രൈസ്തവർക്കും വഴികാട്ടിയായും പ്രചോദനമായും എന്നും നിലനിൽക്കുന്നതാണ്.



കുന്നംകുളം മലങ്കര മെഡിക്കൽ മിഷൻ ആശുപത്രിയിലെ നഴ്സിംഗ് കോളേജ് ഹോസ്റ്റലിന്റെ കൂദാശകർമ്മം ജൂലൈ 20-നു നടന്നു. ഡോ. ഗീവർഗീസ് മാർ യൂലിയോസിന്റെ പ്രധാന കാർമികത്വത്തിലും വൈദികരുടെ സഹകാർമികത്വത്തിലുമാണ് കൂദാശ കർമ്മങ്ങൾ നിർവ്വഹിക്കപ്പെട്ടത്. തുടർന്ന്, കൂദാശ ചെയ്ത ഹോസ്റ്റൽ കെട്ടിടത്തിന്റെ ഉദ്ഘാടനവും മെത്രാപ്പോലീത്താ നിർവ്വഹിച്ചു.



കായിക-യുവജനകാര്യ വകുപ്പ് മന്ത്രി ഒ. ജെ. ജനിഷിന്റെ പേഴ്സണൽ സ്റ്റാഫ് അംഗമായി ജെയിസൺ ജെയിംസ് തഴവ നിയമിതനായി. തഴവ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക അംഗവും MGOCSM കൊല്ലം ഭദ്രാസന സെക്രട്ടറിയുമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

പെന്തിക്കോസ്തിക്ക് ശേഷം ഒമ്പതാം ഞായർ

(വി. ലൂക്കോസ് 14:7–11)



ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

സാധാരണ മനുഷ്യന്റെ ജീവിതാനുഭവങ്ങളുമായി ചേർന്നു നിന്നാണ് കർത്താവ് എപ്പോഴും തന്റെ ഉപദേശങ്ങളെ നൽകുന്നത്. വിരുന്നിനു വിളിക്കപ്പെട്ടവർ മുഖ്യ സ്ഥാനങ്ങൾ തെരഞ്ഞെടുക്കുന്ന മത്സരബുദ്ധിയെ നിരീക്ഷിച്ച്, മനുഷ്യ ഹൃദയത്തിലെ അഹങ്കാരത്തെയും ആത്മീയമായ താഴ്മയുടെ ആവശ്യകതയെയും കുറിച്ചുള്ള മഹത്തായ വേദശാസ്ത്ര സത്യമാണ് ഈ വേദഭാഗം നമുക്ക് വെളിപ്പെടുത്തിത്തരുന്നത്.

1. അപകർഷതാ ബോധത്തെ ഇല്ലാതാക്കുക

പ്രധാന സ്ഥാനങ്ങൾ തിരഞ്ഞെടുക്കുവാനുള്ള വ്യഗ്രത വാസ്തവത്തിൽ ഒരു മനുഷ്യൻറെ അപകർഷതാബോധത്തിന്റെ പ്രകടനമാണ്. ഒരു സാമൂഹ്യ മര്യാദയുടെ ലംഘനം എന്ന് നാം വിചാരിക്കുമ്പോഴും അതിനപ്പുറത്ത് ഒരുവന്റെ യഥാർത്ഥ വ്യക്തിത്വത്തിന്റെ പ്രകടനമാണിത്. തന്റെ സ്ഥാനമാനങ്ങളും പദവികളുമാണ് തൻറെ സത്ത (Essence) എന്ന് തെറ്റിദ്ധരിക്കുമ്പോഴാണ് ഇപ്രകാരം ഒരു പ്രവണത ഒരുവനിൽ ഉണ്ടാകുന്നത്. ഈ വ്യാജ അഹന്തയാണ് താൻ മറ്റുള്ളവരെക്കാൾ ഉയർന്നവനാകണം എന്ന ഭ്രമം ഉണ്ടാക്കുന്നത്.പ്രധാന സ്ഥാനത്ത് ഇരുന്നെങ്കിൽ മാത്രമേ താൻ ശ്രദ്ധിക്കപ്പെടുകയുള്ളൂ എന്ന മിഥ്യാധാരണയുടെ തെരഞ്ഞെടുപ്പാണ് ഇത്.

സ്ഥാനമാനങ്ങൾക്കും പദവികൾക്കും പിന്നാലെ പാപകരമായി പായുന്ന മനോഭാവം സഭയിലും സമൂഹത്തിലും വർദ്ധിച്ചുവരുന്നു. ദൈവാലയത്തിലും ആത്മീയ ശുശ്രൂഷകളിൽ പോലും 'മുഖ്യാസനം' ആഗ്രഹിക്കുന്ന ഒരു അവസ്ഥയേക്കാൾ വലിയ ദുരന്തമില്ല. ഭൗതികമായ ആദരവുകളിൽ സ്വന്തം അസ്തിത്വം കണ്ടെത്താൻ ശ്രമിക്കുന്നത് ആത്മീയമായി ശൂന്യരായ മനുഷ്യരാണ്.

ലൗകികമായ തുലാസിൽ സ്വന്തം മൂല്യം അളക്കുമ്പോഴാണ് അപകർഷതാബോധം ഉണ്ടാകുന്നത്. നമ്മെ നാം ആക്കുന്നത് എന്ത് എന്ന് കൃത്യമായി ബോധ്യമാണ് ഈ അപകർഷതാബോധത്തിൽ നിന്നും പുറത്ത് കടക്കുവാൻ നമ്മെ സഹായിക്കുന്നത്. മനുഷ്യന്റെ യഥാർത്ഥ വില അവൻ വഹിക്കുന്ന സ്ഥാനമാനങ്ങളോ, സമ്പത്തോ, സമൂഹത്തിലെ പദവികളോ അല്ല; മറിച്ച് അവൻ 'ക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവമക്കളാണ്' എന്ന സത്യമാണ് (1 പത്രോസ് 1:18–19). സർവ്വശക്തനായ ദൈവം എന്നെ എന്റെ പേരുചൊല്ലി വിളിച്ചിരിക്കുന്നു എന്നും, എന്റെ സത്ത അവിടുത്തെ സ്നേഹത്തിലാണെന്നും തിരിച്ചറിയുമ്പോൾ (യശയ്യ 43:1) മനുഷ്യന് ബാഹ്യമായ പ്രശംസകളെയോ മുഖ്യാസനങ്ങളെയോ ആശ്രയിക്കേണ്ടി വരുന്നില്ല.

2. ലോക ക്രമത്തിന് വിരുദ്ധമായി ചിന്തിക്കുക

ഉയരങ്ങളിലേക്ക് കുതിക്കാൻ ലോകം പഠിപ്പിക്കുമ്പോൾ, ക്രിസ്തു നമ്മെ പഠിപ്പിക്കുന്നത് താഴേക്ക് ഇറങ്ങിവരാനാണ്. തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും. തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും (ലൂക്കോസ് 14:11) എന്നത് ദൈവരാജ്യത്തിന്റെ അസ്തിത്വപരമായ വിരോധാഭാസമാണ് (Existential Paradox). ഭൗതിക യുക്തിയിൽ മുന്നേറണമെങ്കിൽ സ്വയം ഉയർത്തുകയും അഗ്രഗണ്യനാകാൻ പോരാടുകയും വേണം; എന്നാൽ ക്രിസ്തീയ യുക്തിയിൽ അഹന്തയെ സ്വയം ഇല്ലാതാക്കി വിനയപ്പെടുമ്പോഴാണ് (Self-emptying) മനുഷ്യൻ ദൈവീകതയിലേക്ക് ഉയർത്തപ്പെടുന്നത്.

നാം ദൈവത്തിന്റെ മുൻപിൽ ഒന്നുമല്ലെന്നും, നമ്മുടെ നന്മകളെല്ലാം അവിടുത്തെ കൃപയുടെ ദാനമാണെന്നും തിരിച്ചറിയുന്നതാണ് യഥാർത്ഥ താഴ്മ. വിശുദ്ധ കൂറിലോസ് (St. Cyril of Alexandria) ലൂക്കോസിന്റെ സുവിശേഷ വ്യാഖ്യാനത്തിൽ കുറിക്കുന്നു: 'താഴ്മ എന്നാൽ സ്വയം നിന്ദിക്കലോ താഴ്ത്തിക്കെട്ടലോ അല്ല, മറിച്ച് ക്രിസ്തുവിന്റെ മാതൃക പിന്തുടരുന്ന ദൈവീക വിശുദ്ധിയാണ്. ദൈവപുത്രൻ പരമാധികാരിയായിരുന്നിട്ടും ദാസന്റെ രൂപം സ്വീകരിച്ച് സ്വയം താഴ്ത്തിയെങ്കിൽ (ഫിലിപ്പിയർ 2:7), അവിടുത്തെ അനുഗാമികളായ നാം എത്രയോ അധികമായി അന്ത്യസ്ഥാനം സ്വീകരിക്കാൻ കടപ്പെട്ടിരിക്കുന്നു!'



നമ്മുടെ അനുദിന ജീവിതത്തിലും ദൈവാലയ അനുഭവങ്ങളിലും അന്ത്യസ്ഥാനങ്ങളെ സ്നേഹിക്കാനും, സഹോദരങ്ങളെ നമ്മെക്കാൾ ശ്രേഷ്ഠരായി കരുതാനും നമുക്ക് സാധിക്കണം. നമ്മെത്തന്നെ താഴ്ത്തി കുരിശിന്റെ ചുവട്ടിൽ സമർപ്പിക്കുമ്പോൾ, ദൈവത്തിന്റെ സമയത്ത് തീർച്ചയായും നാം ഉയർത്തപ്പെടും.

പുറകിലുള്ളത് തെരഞ്ഞെടുക്കുക എന്നാൽ ലൗകികമായ അംഗീകാരങ്ങളെക്കാൾ ദൈവത്തിന്റെ പ്രീതിക്ക് പ്രാധാന്യം നൽകുക എന്നാണ് അർത്ഥമാക്കുന്നത്.

3. 'മറ്റൊരാൾ' എന്ന നൈതികതയിൽ ജീവിക്കുക

ക്രിസ്തീയതയുടെ അടിസ്ഥാന ആശയങ്ങളിൽ ഒന്ന് അപരനോടുള്ള കരുതൽ എന്നതാണ്. ഈ വേദഭാഗത്ത് ഒടുവിലെ സ്ഥാനത്ത് ഇരിക്കുവാൻ കർത്താവ് നൽകുന്ന നിർദ്ദേശം തന്റെ സഹോദരന് പ്രഥമസ്ഥാനം നൽകുവാനുള്ള ഒരു ഉപദേശം കൂടിയാണ്.

തത്ത്വചിന്തകനായ ഇമ്മാനുവൽ ലെവിനാസ് (ഋാമിൗലഹ ഘല്ശിമ) സൂചിപ്പിക്കുന്നതുപോലെ, ഒരു മനുഷ്യന്റെ അസ്തിത്വം പൂർണ്ണമാകുന്നത് അവൻ 'മറ്റൊരാൾക്ക്' (The Other) തന്നേക്കാൾ പ്രാധാന്യം നൽകുമ്പോഴാണ്. ജീവിത വഴിയിൽ ക്രിസ്തു മറ്റ് പലരെയും ചേർത്ത് നിർത്തിയത് പോലെ നാം കണ്ട് മുട്ടുന്ന 'മറ്റൊരാളെ' പരിഗണിക്കുവാൻ നമുക്ക് കഴിയണം.


ജീവിതമാകുന്ന വിരുന്നിലേക്ക് അടുത്തു വരുമ്പോൾ അപരനെ പരിഗണിക്കുകയും ഏറ്റവും ഒടുവിലത്തെ ഇരിപ്പിടത്തിൽ നാം പോയിരിക്കുകയും ചെയ്യുമ്പോൾ , വിരുന്നുടമസ്ഥനായ ദൈവത്തിന് നമ്മെ നോക്കി 'സ്നേഹിതാ, ഉയർന്ന ഇരിപ്പിടത്തിലേക്ക് വരിക' എന്ന് വിളിക്കാൻ സാധിക്കണം.

നമ്മുടെ അനുദിന ജീവിതത്തിലും ദൈവാലയ അനുഭവങ്ങളിലും അന്ത്യസ്ഥാനങ്ങളെ സ്നേഹിക്കാനും, സഹോദരങ്ങളെ നമ്മെക്കാൾ ശ്രേഷ്ഠരായി കരുതാനും നമുക്ക് സാധിക്കണം. നമ്മെത്തന്നെ താഴ്ത്തി കുരിശിന്റെ ചുവട്ടിൽ സമർപ്പിക്കുമ്പോൾ, ദൈവത്തിന്റെ സമയത്ത് തീർച്ചയായും നാം ഉയർത്തപ്പെടും. ദൈവരാജ്യത്തിന്റെ ആത്മീയ ഉന്നതിയിലേക്ക് ഉയർത്തപ്പെടാൻ തക്കവണ്ണം, ഭൂമിയിൽ സ്വയം താഴ്ത്തുന്ന ദിവ്യമായ താഴ്മയുടെ ആത്മാവിനായി നമുക്ക് പ്രാർത്ഥിക്കാം. ❑

Consider others as greater than yourselves in humility

Nineth Sunday after Pentecost

(St. Luke 14:7–11)



Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

What we see in St. Luke 14:7–11 is the words spoken by Lord Jesus when He went to a feast at the house of a leader of the Pharisees upon invitation, Jesus arrives early for the feast. After looking around, He takes a place in a vacant corner. Immediately, His eyes, filled with love, are drawn to the pathetic condition of a sick person. Pouring out His love upon him, He heals him. With this, everyone's attention falls on Him.

After remaining silent for some time, observing the competition happening around Him for the prominent places, He commands appropriately as follows:

When you are invited by someone to a wedding feast, do not sit in the place of honor, lest someone more distinguished than you may have been invited by him, and he who invited you both will come and say to you, 'Give your place to this person,' and then you will begin with shame to take the lowest place. But when you are invited, go and sit in the lowest place, so that when your host comes he may say to you, 'Friend, move up higher.' Then you will be honored in the presence of all who sit at table with you. For everyone who exalts himself will be humbled, and he who humbles himself will be exalted.

Humility is not something to be acted out. The advice given here is to make humility a lifestyle. The main reason for this conversation was the eagerness shown by the prominent Pharisees invited to the feast in choosing the chief seats. However, Lord Jesus desires to tell us a few things here.

Become persons of humility, in spirit and in truth

The desire to be considered great in the eyes of others is something that can be seen in almost everyone in one form or another. This greedy ambition alone lies at the root of disputes between nations, revolutions seen in various parts of the world, hatred played out among individuals, envy, misunderstandings, and corruption. The best way for a person to gain respect in the eyes of others is genuine humility.

As in worldly matters, this principle is equally applicable in spiritual matters as well. The deeper the awareness with which a person approaches the Sacraments, including the Holy Qurbana, regarding their unworthiness or shortcomings, the warmer the acceptance they receive in the presence of God. This is an instruction that the Lord uses on many occasions to convince us of the necessity of humility.

There is no place here for hypocrisy or the mere pretense of humility. A true Christian is one who possesses humility in spirit and in truth. Jesus Christ is here correcting a general tendency in contemporary Jewish society. The Jewish leadership was in a scramble to grab high positions in public spaces and openly. As a result, the occasions when they were publicly humiliated were not few. Therefore, Jesus advises that wherever you are invited, you should go and sit in the last place. Because of that, there will never be an occasion to be ashamed. On the contrary, there is a greater possibility of being honored publicly.

"Likewise, you who are younger, be subject to the elders. Clothe yourselves, all of you, with humility toward one another, for 'God opposes the proud but gives grace to the humble.' Humble yourselves, therefore, under the mighty hand of God so that at the proper time he may exalt you." (1 Peter 5:5–6).

Become persons with a sense of service, without selfishness

"Who is wise and understanding among you? Let them show it by their good conduct, by deeds done in the humility that comes from wisdom" (St. James 3:13). The scribes and the Pharisees do all their deeds to be seen by others. They love the places of honor at banquets and the most important seats in the synagogues, and to be greeted in the marketplaces and to be called Rabbi by others. But Christ says: "The greatest among you shall be your servant". Remember, there will always be someone greater than you.

Here, the Lord points His finger at the core of the human heart. He clearly defines the mark of a truly great person. The one sitting at the table is not the great one, but rather the one who serves at the table. If a person desires to be great, they must become the servant of others to achieve it. A sense of service without selfishness is what makes a person noble. This is not something that can be achieved by pretending to be great or by capturing important positions. As Jesus Christ has revealed through His example, we must act by prioritizing the well-being and good of others.

Jesus is not giving a call to fake humility. Jesus says this targeting those who, after faking humility, indirectly become frantic for positions and honor. Therefore, the passion for authority seen in politics and religion is ridiculous in the eyes of Jesus.

Gregory of Nazianzus, one of the prominent Church Fathers of the fourth century and one of the Cappadocian Fathers, secretly left the place without anyone knowing upon learning that he was going to be chosen for the position of Bishop. Later, when he yielded to the strong compulsion of the Church and received ordination, he delivered an address explaining why he had fled earlier. That speech is essential reading for those who desire to enter the priesthood in the Church.

Let us become humble like the Holy Mother. "For whoever exalts himself will be humbled, and whoever humbles himself will be exalted" (St. Matthew 23:12). ❑

മറുപുറം

ദൈവത്തിന്റെ ചോദ്യവും ബഷീറിന്റെ ഉത്തരവും

ഫാ. അജീഷ് ബാബു

'നീ എവിടെയാണ്?'

ബൈബിളിലെ ആദ്യത്തെ മനുഷ്യനോട് ദൈവം ചോദിച്ച ഈ ചോദ്യം ഒരു സ്ഥലാന്വേഷണമല്ല. അത് മനുഷ്യചരിത്രത്തിലെ ആദ്യത്തെ മനുഷ്യശാസ്ത്ര ചോദ്യമാണ്. അതിനുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞു. ശാസ്ത്രം മനുഷ്യനെ പഠിച്ചു. വൈദ്യശാസ്ത്രം ശരീരത്തെ അപഗ്രഥിച്ചു. മനഃശാസ്ത്രം മനസ്സിനെ വിശകലനം ചെയ്തു. സമൂഹശാസ്ത്രം അവന്റെ ബന്ധങ്ങളെ പഠിച്ചു. എന്നാൽ ദൈവത്തിന്റെ ചോദ്യം ഇന്നും ഉത്തരത്തിനായി കാത്തിരിക്കുന്നു, 'നീ എവിടെയാണ്?.'

ഈ ചോദ്യത്തിന് ഉത്തരം തേടിയവരാണ് പ്രവാചകന്മാരും, ജ്ഞാനികളും, സങ്കീർത്തനക്കാരും. അതേ ചോദ്യം സാഹിത്യത്തിന്റെ ഭാഷയിൽ അന്വേഷിച്ചവനാണ് വൈക്കം മുഹമ്മദ് ബഷീർ. അതുകൊണ്ടുതന്നെ ബഷീറിനെ വായിക്കുന്നത് ഒരു എഴുത്തുകാരനെ വായിക്കുന്നതല്ല; മനുഷ്യനെ വായിക്കുന്നതാണ്. ബൈബിൾ മനുഷ്യനെ അന്വേഷിക്കുന്ന ദൈവത്തിന്റെ പുസ്തകമാണെങ്കിൽ, ബഷീറിന്റെ സാഹിത്യം മനുഷ്യനെ അന്വേഷിക്കുന്ന മനുഷ്യന്റെ പുസ്തകമാണ്. ഈ രണ്ടന്വേഷണങ്ങളും ഒടുവിൽ ഒരേ സ്ഥലത്ത് കണ്ടുമുട്ടുന്നു മനുഷ്യത്വത്തിൽ.

ഹാൻസ് വാൾട്ടർ വോൾഫ് തന്റെ Anthropology of the Old Testament എന്ന ഗ്രന്ഥത്തിൽ പറയുന്നതുപോലെ, പഴയനിയമം മനുഷ്യനെ ഒരിക്കലും ശരീരവും ആത്മാവുമായി മുറിച്ചുവെക്കുന്നില്ല. എബ്രായ മനസ്സിൽ മനുഷ്യൻ ഒരു നെഫെഷ് ആണ് ജീവിക്കുന്ന, ശ്വസിക്കുന്ന, വിശക്കുന്ന, സ്നേഹിക്കുന്ന, കരയുന്ന, പ്രത്യാശിക്കുന്ന മനുഷ്യൻ. മനുഷ്യൻ ആത്മാവിനെ 'ഉള്ളവൻ' അല്ല; അവൻ ജീവനാണ്. അവന്റെ വിശപ്പും കണ്ണീരും സന്തോഷവും പ്രണയവും പ്രാർത്ഥനയും വേർതിരിക്കാനാവാത്ത അസ്തിത്വമാണ്. ഈ ദർശനം സാഹിത്യത്തിന്റെ ഭാഷയിൽ ജീവിച്ചുകാണിച്ചവനാണ് ബഷീർ. അദ്ദേഹത്തിന്റെ കഥകളിൽ മനുഷ്യൻ ഒരിക്കലും ആശയമല്ല; ജീവനാണ്. വിശന്നവൻ ഭക്ഷണം കഴിക്കുന്നു. പ്രണയിക്കുന്നവർ കാത്തിരിക്കുന്നു. ദരിദ്രർ ചിരിക്കുന്നു. ഭ്രാന്തന്മാർ പോലും സ്നേഹിക്കുന്നു. കാരണം ബഷീറിന് മനുഷ്യൻ ഒരു തത്ത്വചിന്തയായിരുന്നില്ല; ഒരു മുഖമായിരുന്നു.

അതുകൊണ്ടാണ് ബൈബിളും ബഷീറും ഒരേ കാര്യം പറയുന്നത്. ദൈവം ആദാമിനെ അന്വേഷിച്ചത് അവന്റെ ആത്മാവിനെ രക്ഷിക്കാനല്ല; മുഴുവൻ മനുഷ്യനെയും തിരികെ കണ്ടെത്താനാണ്. അതുപോലെ ബഷീർ മനുഷ്യനെ മതത്തിന്റെ പേരിലും ജാതിയുടെ പേരിലും വർഗത്തിന്റെ പേരിലും വിഭജിച്ചില്ല. ഓരോ മനുഷ്യന്റെയും ഉള്ളിൽ ഒരേ ജീവനെ അദ്ദേഹം കണ്ടു.

ബൈബിളിൽ ദൈവത്തിന്റെ പ്രതിച്ഛായയായ മനുഷ്യൻ (Imago Dei) ഒരു അധികാരചിഹ്നമല്ല; ഒരു ഉത്തരവാദിത്തമാണ്. സൃഷ്ടിയെ സംരക്ഷിക്കാനും സഹോദരനെ സ്നേഹിക്കാനും നീതിയോടെ ജീവിക്കാനുമുള്ള വിളിയാണ് അത്. യേശു പിന്നീട് ആ വിളിയെ ഒരു വാക്യത്തിൽ സംഗ്രഹിച്ചു: 'നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്ക.' ഈ കല്പനയെ ബഷീർ ഒരു പ്രഭാഷണമായല്ല, ജീവിതമായാണ് എഴുതിയത്. വിശക്കുന്നവന് അപ്പം കൊടുക്കുന്നവനിലും, അന്യനെ ചേർത്തുപിടിക്കുന്നവനിലും, മതത്തിന്റെ മതിലുകൾക്കപ്പുറം മനുഷ്യനെ കാണുന്നവനിലും അദ്ദേഹം ദൈവത്തിന്റെ മുഖം കണ്ടു.

ബഷീറിന്റെ ജീവിതം തന്നെ ഒരു ബൈബിൾ കഥയെപ്പോലെയാണ്. പ്രവാസം, വിശപ്പ്, തടവ്, അലച്ചിൽ, അപമാനം ഇവയൊക്കെ യോസേഫിന്റെയും ദാവീദിന്റെയും യിരെമ്യാവിന്റെയും അനുഭവങ്ങളോട് ചേർന്നുനിൽക്കുന്നു. എന്നാൽ അവയെല്ലാം അദ്ദേഹത്തെ കഠിനനാക്കിയില്ല; കൂടുതൽ മനുഷ്യനാക്കി. കാരണം കഷ്ടപ്പാടുകൾ മനുഷ്യനെ തകർക്കാനും തീർക്കാനും കഴിയും. ബഷീർ തീർന്ന മനുഷ്യനായിരുന്നു.

ബൈബിളിലെ പ്രവാചകന്മാർ രാജാക്കന്മാരുടെ അരമനകളിൽക്കാൾ ദരിദ്രരുടെ ഇടയിലാണ് ദൈവത്തെ കണ്ടത്. യേശു ദൈവാലയത്തേക്കാൾ മീൻപിടുത്തക്കാരുടെ വള്ളത്തിലും നികുതിപിരിവുകാരന്റെ വീട്ടിലും പാപിയുടെ



മേശയിലും ദൈവരാജ്യം പ്രഖ്യാപിച്ചു. ബഷീറും അതുതന്നെയാണ് ചെയ്തത്. സാഹിത്യത്തെ രാജസദസ്സുകളിൽ നിന്ന് ഗ്രാമവഴികളിലേക്കും ചായക്കടകളിലേക്കും വിശക്കുന്നവരുടെ വീടുകളിലേക്കും അദ്ദേഹം കൊണ്ടുവന്നു. കാരണം മനുഷ്യനെ കാണാതെ ദൈവത്തെ കാണാനാവില്ലെന്ന് ബൈബിൾ പഠിപ്പിക്കുന്നതുപോലെ, മനുഷ്യനെ കാണാതെ സാഹിത്യത്തിനും അർത്ഥമില്ലെന്ന് ബഷീർ ജീവിച്ചുകാണിച്ചു.

ഇന്ന് ലോകം വിവരങ്ങളുടെ സമുദ്രത്തിലാണ്. എന്നാൽ മനുഷ്യൻ ബന്ധങ്ങളുടെ മരുഭൂമിയിലാണ്. അറിവ് വളരുന്നു; കരുണ ചുരുങ്ങുന്നു. സാങ്കേതിക വിദ്യ ഉയരുന്നു; മനുഷ്യത്വം പലപ്പോഴും താഴുന്നു. ഇങ്ങനെയുള്ള കാലത്ത് ദൈവത്തിന്റെ ചോദ്യം വീണ്ടും മുഴങ്ങുന്നു: 'നീ എവിടെയാണ്?' ആ ചോദ്യത്തിന് ഉത്തരം പുസ്തകങ്ങളിൽ നിന്നല്ല, ജീവിതത്തിൽ നിന്നാണ് കണ്ടെത്തേണ്ടത്. ബഷീറിനെ വീണ്ടും വായിക്കേണ്ടത് സാഹിത്യചരിത്രം പഠിക്കാനല്ല; മനുഷ്യനെ വീണ്ടും കണ്ടെത്താനാണ്. പഴയനിയമത്തെ വീണ്ടും വായിക്കേണ്ടത് മതവിജ്ഞാനം വർധിപ്പിക്കാനല്ല; മനുഷ്യൻ ആരാണെന്ന് വീണ്ടും ഓർക്കാനാണ്. ഈ രണ്ടു വായനകളും ഒടുവിൽ നമ്മെ ഒരേ സത്യത്തിലേക്കാണ് നയിക്കുന്നത്: മനുഷ്യന്റെ മഹത്വം അവൻ എത്ര അറിഞ്ഞു എന്നതിലല്ല; അവൻ എത്ര സ്നേഹിച്ചു എന്നതിലാണ്.

ബേപ്പൂരിലെ കല്ലറയിൽ കിടക്കുന്നത് ബഷീറിന്റെ ശരീരം മാത്രമാണെന്ന് തോന്നുന്നത്. ബഷീർ ജീവിക്കുന്നത് ഓരോ മനുഷ്യത്വപരമായ പ്രവൃത്തിയിലും, ഓരോ നിഷ്കളങ്കമായ ചിരിയിലും, ഓരോ പങ്കുവെച്ച അപ്പത്തിലും, ഓരോ കണ്ണീരൊപ്പിയ കൈകളിലും ആണ്. അതുപോലെ, ദൈവവും ദൈവാലയങ്ങളുടെ ചുവരുകൾക്കുള്ളിൽ മാത്രം കഴിയുന്നില്ല; മനുഷ്യനെ അന്വേഷിക്കുന്ന ഓരോ സ്നേഹത്തിലും അവിടുന്ന് ജീവിക്കുന്നു.

ബൈബിളും ബഷീറും നമ്മെ ഒരേ സത്യത്തിലേക്കാണ് വിളിക്കുന്നത്. മനുഷ്യനെ വായിക്കാതെ ദൈവത്തെ അറിയാനാവില്ല; ദൈവത്തിന്റെ വെളിച്ചമില്ലാതെ മനുഷ്യനെയും പൂർണമായി മനസ്സിലാക്കാനാവില്ല.

അതുകൊണ്ട് മനുഷ്യനെക്കുറിച്ചുള്ള ഏറ്റവും വലിയ പുസ്തകം ബൈബിളും, മലയാളത്തിൽ മനുഷ്യനെ ഏറ്റവും മനോഹരമായി വായിച്ച പുസ്തകങ്ങൾ ബഷീറിന്റേതുമാണ്. ഒന്നിൽ ദൈവം മനുഷ്യനെ അന്വേഷിക്കുന്നു; മറ്റൊന്നിൽ മനുഷ്യൻ മനുഷ്യനെ അന്വേഷിക്കുന്നു. ഈ രണ്ടന്വേഷണങ്ങളും ഒരിടത്ത് സംഗമിക്കുമ്പോഴാണ് യഥാർത്ഥ ആത്മീയത ജനിക്കുന്നത്. അവിടെ മതം മനുഷ്യനാകുന്നു. സാഹിത്യം പ്രാർത്ഥനയാകുന്നു. ദൈവം സ്നേഹമാകുന്നു.

മനുഷ്യൻ... ദൈവത്തിന്റെ ജീവനുള്ള പ്രതിച്ഛായയായി വീണ്ടും കണ്ടെത്തപ്പെടുന്നു. ❑



പാമ്പാടി ബി.എം.എം. സ്കൂൾ മെറിറ്റ് ഡേ ചാണ്ടി ഉമ്മൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് സമീപം.



ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കോട്ടയം ഭദ്രാസനത്തിലെ 2025-26 വർഷത്തെ ബെസ്റ്റ് യൂണിറ്റ് ആയി തോട്ടയ്ക്കാട് മാർ അപ്രേം യുവജന പ്രസ്ഥാനത്തെയും ബെസ്റ്റ് പബ്ലിക്കേഷൻ ആയി മാർ അപ്രേം യുവജന പ്രസ്ഥാനം പ്രസിദ്ധീകരണമായ ആത്മനാദവും തെരഞ്ഞെടുക്കപ്പെട്ടു. പ്രവർത്തകർ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസിനോടൊപ്പം.



കേരള സംസ്ഥാന ക്ഷേമ വികസന മന്ത്രി തുളസിക്ക് ആദരവ് നൽകി. അനുമോദന സമ്മേളനം മലങ്കര ഓർത്തഡോക്സ് സഭ മലബാർ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പക്കോമിയോസ് ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ. ബിനു ജോർജ് അധ്യക്ഷത വഹിച്ചു. ഇടവക ട്രസ്റ്റി പി. എസ്. സിംസൺ, സെക്രട്ടറി റോഷൻ അലക്സ് എന്നിവർ പ്രസംഗിച്ചു.

എയ്ഞ്ചൽ ബാവ അവാർഡ് ഫാ. കുര്യാക്കോസ് വർഗീസിന്



ഷാർജ: സ്രോതസ് സിൽവർ ജൂബിലിയുടെ ഭാഗമായി ഏർപ്പെടുത്തിയ എയ്ഞ്ചൽ ബാവ മെമ്മോറിയൽ അവാർഡിന് ഫാ. കുര്യാക്കോസ് വർഗീസ് അർഹനായി. ആത്മീയ-സാമൂഹിക മേഖലകളിലെ സേവനങ്ങളും ഗായകൻ കെ. ജി. മർക്കോസിന് വൃക്ക ദാനം ചെയ്ത് പൊതു സമൂഹത്തിന് മാതൃകയായതും പരിഗണിച്ചാണു പുരസ്കാരം. മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദികനും മല്ലപ്പള്ളി ആനിക്കാട് മാർ അന്തോണിയോസ് ദയറാ മാനേജറുമാണു ഫാ. കുര്യാക്കോസ് വർഗീസ്. തൃശൂർ വിയ്യൂർ കുറിച്ചിക്കര വെള്ളറയിൽ വി. കെ. വർഗീസിന്റെയും അന്നമ്മയുടെയും മകനാണ്. 50,000 രൂപയും പ്രശസ്തിപത്രവും ഫലകവുമടങ്ങുന്ന അവാർഡ് 26-നു കോട്ടയം പാമ്പാടി മാർ കുര്യാക്കോസ് ദയറായിൽ നടക്കുന്ന ചടങ്ങിൽ നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ സമ്മാനിക്കും. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മുഖ്യാതിഥിയാകും.



പരിശുദ്ധ ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതിയൻ കാതോലിക്കാ ബാവായുടെ അഞ്ചാം ഓർമ്മ പെരുന്നാളോടനുബന്ധിച്ച് കുന്നംകുളം ഓർത്തഡോക്സ് പ്രവാസി അസോസിയേഷൻ നടത്തിയ ഓർമ്മക്കുറിപ്പ് മത്സരം 'എന്റെ ബാവ തിരുമേനി' മത്സരത്തിലെ വിജയികൾക്കുള്ള സമ്മാനദാനം പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ നിർവഹിച്ചു. കുന്നംകുളം ഭദ്രാസന ആസ്ഥാനത്ത് വച്ച് നടന്ന ചടങ്ങിൽ ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗീവർഗീസ് മാർ യൂലിയോസ്, കുന്നംകുളം ഭദ്രാസന സെക്രട്ടറി ഫാ സ്റ്റീഫൻ ജോർജ്, കുന്നംകുളം ഓർത്തഡോക്സ് പ്രവാസി അസോസിയേഷൻ പ്രസിഡന്റ് ശ്രീ പി സി സൈമൺ, സെക്രട്ടറി ജിനിഷ് വർഗീസ് എന്നിവർ പങ്കെടുത്തു. അമ്പതിൽപരം അംഗങ്ങൾ പങ്കെടുത്ത മത്സരത്തിൽ ബിൻസി ജേക്കബ് (കുമ്പഴ, പത്തനംതിട്ട) ഒന്നാം സ്ഥാനവും, എസ്. മോഹൻദാസ് (വാവന്നൂർ) രണ്ടാം സ്ഥാനവും, എബി മാത്യു (കൊഴുവല്ലൂർ, ചെങ്ങന്നൂർ) മൂന്നാം സ്ഥാനവും കരസ്ഥമാക്കി.



ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കോട്ടയം ഭദ്രാസനത്തിലെ 2025-26 വർഷത്തെ ബെസ്റ്റ് ഡിസ്ട്രിക്റ്റ് ആയി പുതുപ്പള്ളി ഡിസ്ട്രിക്റ്റ് തെരഞ്ഞെടുക്കപ്പെട്ടു. ഫാ. ജോൺ പ്ലാപ്പറമ്പിലിന്റെ നേതൃത്വത്തിൽ പ്രവർത്തകർ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസിൽ നിന്നും സമ്മാനം ഏറ്റുവാങ്ങുന്നു.



കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ എംഎൽഎ പ്രൊഫ. റോണി കെ. ബേബി പാമ്പാടി ദയറാ സന്ദർശിച്ചു.

ക്രൈസ്തവ പൈതൃകത്തിന്റെ കുന്നംകുളം കാഴ്ചയുമായി മ്യൂസിയം

ഒരുക്കിയത് ഓർത്തഡോക്സ് സഭയുടെ കുന്നംകുളം ഭദ്രാസനം. അപൂർവ പുസ്തക ശേഖമുള്ള ലൈബ്രറിയും മ്യൂസിയത്തിന്റെ ഭാഗമാണ്.

കുന്നംകുളം: സമ്പന്നമായ ക്രിസ്തീയ പൈതൃകം തലമുറകൾക്കു കൈമാറാൻ ഓർത്തഡോക്സ് സഭയുടെ കുന്നംകുളം ഭദ്രാസനം ഒരുക്കിയ മ്യൂസിയം തുറന്നു. ആർത്താറ്റ് സെന്റ് ഗ്രിഗോറിയോസ് അരമനയിലാണ് മ്യൂസിയം സജ്ജമാക്കിയിരിക്കുന്നത്. 78 ഫോട്ടോ ഫ്രെയിമുകളോടു കൂടിയ ഗാലറിയാണ് ആദ്യഘട്ടത്തിൽ പൂർത്തിയായത്.

സഭാ പിതാക്കന്മാരുടെ സ്മരണ നിലനിർത്തി അവരുടെ പ്രവർത്തനങ്ങളും മ്യൂസിയം വരച്ചുകാട്ടുന്നു.

പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി സ്ഥാപിച്ച ദേവാലയങ്ങൾ, കോട്ടയം പഴയ സെമിനാരി, പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ അമൂല്യ കൽപനകൾ (സുറിയാനി, മലയാളം), രാജാ രവിവർമ വരച്ച അദ്ദേഹത്തിന്റെ ചിത്രത്തിന്റെ മാതൃക, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സ്ഥാപിച്ച ദേവാലയങ്ങളുടെ ചിത്രങ്ങൾ എന്നിവയുണ്ട്.

കുന്നംകുളം ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളുടെയും സ്ഥാപനങ്ങളുടെയും ആകാശക്കാഴ്ചകൾ, കുന്നംകുളം അങ്ങാടി, പ്രസിദ്ധമായ ആർത്താറ്റ്, പഴഞ്ഞി, അടുപ്പുട്ടി പള്ളികളിലെ പെരുന്നാൾ, അന്നിച്ചാത്തം, പിണ്ടിപ്പെരുന്നാൾ എന്നിവയുടെ ചിത്രങ്ങളും വിവരണങ്ങളും ഈ പ്രദേശത്തിന്റെ സാംസ്കാരിക പൈതൃകം അടയാളപ്പെടുത്തു.

ഇവയ്ക്ക് പുറമേ ഓറിയന്റൽ ഓർത്തഡോക്സ് സഭാ തലവന്മാർ, മലങ്കരസഭയുടെ ചരിത്ര നാൾവഴി, കുന്നംകുളം ഭരിച്ച മേൽപ്പട്ടക്കാർ, കുന്നംകുളത്ത് ജനിച്ച വൈദികശ്രേഷ്ഠർ, കുുന്നംകുളത്ത് സേവനമനുഷ്ഠിച്ച വൈദിക ശ്രേഷ്ഠർ എന്നിവരുടെ ദീർഘമായ പട്ടികയും മ്യൂസിയത്തിലുണ്ട്.

1985-ൽ കുന്നംകുളം ഓർത്തഡോക്സ് ഭദ്രാസനം രൂപവൽക്കരിച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ എഴുതിയ കൽപന, അന്നുമുതൽ ഇതുവരെയുള്ള ഭദ്രാസനത്തിന്റെ ചരിത്ര യാത്ര, ഈ പ്രദേശം സാക്ഷ്യം വഹിച്ച അവിസ്മരണീയമായ മുഹൂർത്തങ്ങളുടെ ചിത്രങ്ങൾ, ഭദ്രാസനത്തിലെ ദേവാലയങ്ങളും കുന്നംകുളം പ്രദേശത്തെ ഇതര പ്രത്യേകതകളും ഉൾപ്പെടുത്തി തയാറാക്കിയ വിശദമായ ഭൂപടവും അപൂർവ പുസ്തകശേഖരവുമുള്ള ലൈബ്രറിയും മ്യൂസിയത്തിന്റെ ഭാഗമാണ്. കുന്നംകുളത്ത് അച്ചടിച്ചിരുന്ന മലയാള മനോരമ ദിനപത്രത്തിന്റെ കോപ്പിയും മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.








കുന്നംകുളം അയ്യംപറമ്പ് ബദൽ കുന്നിലെ സ്രോതസ് വില്ലേജിൽ പുതുതായി നിർമ്മിച്ച ഭവനങ്ങളുടെ കൂദാശാകർമ്മം കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് നിർവ്വഹിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



വെള്ളൂർ: സെന്റ് തോമസ് പള്ളി സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം

പാമ്പാടി വെള്ളൂർ: സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് നിർവ്വഹിച്ചു. വികാരി ഫാ. എബ്രഹാം തോമസ് അധ്യക്ഷത വഹിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തി. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജയ്ജീ പാലക്കലോടി, പാമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സിജു കെ. ഐസക്, പഞ്ചായത്തംഗം ഇ. എ. കുറിയാക്കോസ്, ഈപ്പൻ പി. ജോബ്, ഫാ. ഐസക് പി. ഡേവിഡ്, ഫാ. ജോസ് മാത്യു, തോമസ് ഉമ്മൻ എന്നിവർ പ്രസംഗിച്ചു. ചാണ്ടി ഉമ്മൻ എം.ൽ.എ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. പള്ളി നവീകരണ ഫണ്ട് ആദ്യ ഗഡു സ്വീകരണം മെത്രാപ്പോലീത്ത നിർവഹിച്ചു. ഇടവക ഭവനങ്ങളിൽ ജൂബിലി ഓർമ്മയ്ക്കായി നടുന്നതിനുള്ള തൈകളുടെ വിതരണ ഉദ്ഘാടനം അഡ്വ. ബിജു ഉമ്മൻ നിർവഹിച്ചു.



കെ. ജി. തോമസ് കോർ എപ്പിസ്കോപ്പാ അന്തരിച്ചു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മലബാർ ഭദ്രാസനത്തിലെ സീനിയർ വൈദികനും സ്ലീബാ ദാസ സമൂഹത്തിലെ അംഗവുമായിരുന്ന കെ. ജി. തോമസ് കോർ എപ്പിസ്കോപ്പാ അന്തരിച്ചു. പാലക്കാടു കല്ലടിക്കോട് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ആണ് മാതൃഇടവക.

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

– പ. പരുമല തിരുമേനി